

ദക്ഷിണേന്ത്യാ സഭ

പഞ്ചാംഗം 2026

പുതുക്കിയ ആവർത്തനചക്രം അനുസരിച്ചുള്ള അപേക്ഷകളും വേദഭാഗങ്ങളും

CYCLE - B

സാഹിത്യ ബോർഡിനുവേണ്ടി
ഡയോസിസൻ പബ്ലിക്കേഷൻസ്
സി. എം. എസ്. പ്രസ്., കോട്ടയം 686 001
ഫോൺ: 0481-2567278

ദക്ഷിണേന്ത്യാ സഭ – മദ്ധ്യകേരള മഹായിടവക
പഞ്ചാംഗം 2026

ഈ പഞ്ചാംഗത്തിൽ ചേർത്തിരിക്കുന്ന ഞായറാഴ്ചകളിലും മറ്റു പ്രത്യേക നാളുകളിലും ഉപയോഗിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്ന വിഷയങ്ങളും വേദഭാഗങ്ങളും "ഇന്ത്യയിലെ സഭകളുടെ ഐക്യകൂട്ടായ്മ"യുടെ (സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ ഐക്യ കൗൺസിൽ) ''ആരാധനയും ദൗത്യവും''എന്ന കമ്മീഷൻ സഭകളുടെ ഐക്യകൂട്ടായ്മ പൊതുവായി അംഗീകരിച്ച പൊതു പഞ്ചാംഗത്തിലെ മൂന്ന് ആരാധനാചക്രങ്ങളിൽ രണ്ടാമത്തേതിൽനിന്ന് എടുത്തിട്ടുള്ളതാണ്.

സ്ഥിരീകരണ ശുശ്രൂഷ, ആദ്യഫലപ്പെരുന്നാൾ, ദൈവാലയ പ്രതിഷ്ഠ/ വാർഷികം, സിനഡ്/ കൗൺസിൽ മീറ്റിംഗുകൾ എന്നീ അവസരങ്ങളിലേക്കുള്ള വേദഭാഗങ്ങളും അപേക്ഷകളും പഞ്ചാംഗത്തിന്റെ അവസാനം ചേർത്തിരിക്കുന്നു.

വിശുദ്ധസംസർഗ ശുശ്രൂഷാമധ്യേ ഉപയോഗിപ്പാനുള്ള കാലോചിത അവതാരികകൾ, സി. എസ്. ഐ. സഭയിൽ അംഗമാകുന്നതിനും, വിവാഹം, പുനർവിവാഹം എന്നിവയ്ക്ക് അപേക്ഷിക്കാനുള്ള നടപടിക്രമങ്ങൾ, സ്ഥിരീകരണശുശ്രൂഷ നടത്തുന്നതിനെ സംബന്ധിച്ച് പട്ടക്കാരും ഉപദേശിമാരും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, അപേക്ഷകളുടെ ഇംഗ്ലീഷ് പരിഭാഷ എന്നിവ ചേർത്തിട്ടുണ്ട്.



തിരുവചനം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന

"ദൈവമേ, നിന്റെ ന്യായപ്രമാണത്തിലെ അദ്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ" (സങ്കീ. 119:18).

നിന്റെ വചനം ശ്രദ്ധിക്കുന്നതിനും അതിന്റെ അർഥം ഗ്രഹിക്കുന്നതിനും ഈ ദിവസം മുഴുവനും അത് അനുസരിക്കുന്നതിനു ശക്തി പ്രാപിക്കേണ്ടതിനും ദൈവമേ, കേൾക്കുവാൻ സന്നദ്ധമായ കാതുകളെയും ഗ്രഹിക്കുന്നതിന് ഒരുക്കമുള്ള മനസ്സിനെയും പ്രവർത്തിക്കുന്നതിനു തീരുമാനമെടുക്കുവാൻ ഇച്ഛാശക്തിയെയും ഞങ്ങൾക്കു തരേണമേ.

കർത്താവേ, അങ്ങയുടെ ഉപദേശങ്ങളെ കേൾക്കേണ്ടതിന് ഞങ്ങളുടെ മനസ്സിന്റെ ദൃഷ്ടികളെ തുറക്കേണമേ; നീ ഞങ്ങളുടെ ശരീരങ്ങളുടെയും മനസ്സുകളുടെയും പ്രകാശമാകുന്നുവല്ലോ.

കർത്താവേ, ഞങ്ങൾ നിന്റെ വചനം കേൾക്കുന്നവർ മാത്രമായിത്തീരാതെ അതിനെ അനുസരിക്കുന്നവരുമാകേണ്ട തിന് നിന്റെ പവിത്രമായ ക്രിയകളുടെ വിവരണങ്ങളെ ഞങ്ങ ളുടെ ഹൃദയങ്ങളിൽ എഴുതേണമേ.

കർത്താവേ, നിന്റെ വചനം ഭക്തിയോടും വിനയത്തോ ടും സ്വീകരിക്കുവാനുള്ള കൃപ തന്ന് ഞങ്ങളുടെ മനസ്സുകളെ പ്രകാശിപ്പിക്കേണമേ. അതുകൂടാതെ നിന്റെ സത്യം ആർക്കും ഗ്രഹിക്കുവാൻ സാധ്യമല്ലല്ലോ.

കർത്താവേ, നിന്റെ വചനം ഞങ്ങളുടെ കാലുകൾക്കു ദീപവും ഞങ്ങളുടെ പാതയ്ക്കു പ്രകാശവുമായിരിപ്പാൻ കൃപ ചെയ്യേണമേ (സങ്കീ. 119:105).

പരിചിതമായ വാക്കുകളിൽ പുതിയ അറിവും, അശ്രദ്ധ മായി വിട്ടുകളയുന്നവയും മനസ്സിലാക്കാൻ കഴിയാത്തവയു മായ വേദഭാഗങ്ങളിൽ പുതിയ നിക്ഷേപങ്ങളും കണ്ടെത്തു വാനും, അവയിൽകൂടെ ഉൾക്കാഴ്ചയും അവബോധവും നട ത്തിപ്പും വെളിപ്പാടും ദൈവമഹത്വദർശനവും പരിശുദ്ധാത്മാ വേ, നിന്റെ കൃപമൂലം ഞങ്ങളിലേക്കു പകരേണമേ.

ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ വചനം ഞങ്ങളുടെ ഹൃദയകാഠിന്യത്താൽ നഷ്ടമായിപ്പോകാതെ നല്ല നിലത്തിൽ വീണ വിത്തുപോലെ ഫലം കായിപ്പാൻ സഹായി ക്കേണമേ.

കർത്താവേ, നിത്യജീവന്റെ ഭാഗ്യകരമായ പ്രത്യാശ മുറുകെ പിടിക്കുവാൻ, നിന്റെ തിരുവചനം കേൾക്കുന്നതിനും വായിക്കുന്നതിനും പഠിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങ ളെ സഹായിക്കേണമേ, **ആമെൻ.**

2026 ജനുവരി 1 വ്യാഴം

പുതുവത്സരം

ഉടമ്പടി ദിനം

ക്രിസ്തുവിൻ നുകത്തിലെ സ്വാതന്ത്ര്യം

രാ.	1 രാജാ. 19: 15-21	സങ്കീ. 116 :1-14
	ഗലാ. 5: 1-6	മത്താ. 11: 25-30

വിമോചനത്തിന്റെയും വിശ്രമത്തിന്റെയും ദൈവമേ, പാപത്തിന്റെ അടിമത്തത്തിൽനിന്ന് യേശുക്രിസ്തുവിൽ ഞങ്ങളെ വീണ്ടെടുത്തതിനായും, ലളിതവും അനായാസവുമായ നുകം സ്വയമേൽക്കുന്നതിന് ക്ഷണിച്ചതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ ഹിതത്തിനായി എപ്പോഴും സമർപ്പിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. അങ്ങയുടെ വിളിയെ അനുഗമിക്കുന്നതിനായി ഏലീശാ പ്രവാചകൻ തന്റെ കഴിഞ്ഞ കാല ജീവിതക്രമങ്ങളിൽനിന്ന് തിരിഞ്ഞ് വന്നതുപോലെ, ക്രിസ്തുവിനോടുള്ള സമ്പൂർണ അനുസരണത്തിന് തടസ്സമാകുന്നതിനെയെല്ലാം ഉപേക്ഷിക്കുവാൻ നീ ഞങ്ങളെ തുണക്കേണമേ. നിന്റെ കർത്തൃത്വത്തിലുള്ള ജീവന്റെ യഥാർഥ സ്വാതന്ത്ര്യത്തിലേക്ക് ഞങ്ങളെ നയിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നും എപ്പോഴും ജീവിച്ച് വാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജനുവരി 4, ഞായർ

ക്രിസ്മസിന് പിമ്പ് രണ്ടാം ഞായർ

സർവരോടുമുള്ള ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തൽ

രാ.	ഉൽപ. 12: 1-7	സങ്കീ. 136
	റോമ. 8: 31-39	യോഹ. 15: 9-17

വൈ. യോനാ. 4: 1-11/1 യോഹ. 4: 7-12

സ്നേഹവാനായ സർവേശ്വരാ, നിന്റെ ജ്ഞാനമാകുന്ന വിശുദ്ധ വെളിച്ചത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്നതിനായും നിന്നെ അറിയുന്നതിനായി ഞങ്ങളുടെ മനക്കണ്ണുകളെ തുറക്കുന്നതിനായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ചിന്തകളും പ്രവൃത്തികളും തിരുപ്രസാദത്തിനായി അർപ്പിക്കുന്നു. അബ്രഹാമിനോട് വെളിപ്പെട്ട അങ്ങയുടെ

അചഞ്ചല സ്നേഹത്തിനായും ഞങ്ങളെ വീണ്ടെടുക്കുന്നതിനായി അങ്ങയുടെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ച അങ്ങയുടെ കരുണയ്ക്കായും വഴിതെറ്റിപ്പോകുന്ന ഞങ്ങളുടെ മടങ്ങിവരവിനുവേണ്ടി നിരന്തരം കാത്തിരിക്കുന്ന നിന്റെ സ്നേഹത്തിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അറ്റുപോകാത്ത കൃപയുടെയും നിലച്ചുപോകാത്ത സ്നേഹത്തിന്റെയും ജീവിക്കുന്ന ചാലകങ്ങളാക്കി ഞങ്ങളെ അവിടുന്ന് രൂപാന്തരപ്പെടുത്തണമേ. അങ്ങയുടെ സ്നേഹത്തിന്റെയും അനുകമ്പയുടെയും കരുണയുടെയും നിരന്തര സാക്ഷികളായി നിലകൊള്ളുവാൻ ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജനുവരി 6 ചൊവ്വ

മഹത്വപ്രകാശം

വെളിപ്പാടിനോടുള്ള പ്രതികരണം

രാ. യെശ. 45: 18–25 സങ്കീ. 24
അപ്പൊ. പ്ര. 19: 1–7 മത്താ. 2: 1–12
വൈ. മത്താ. 3: 13–17/വെളി. 21: 22–27

നീതിയുടെയും രക്ഷയുടെയും ദൈവമേ, ഞങ്ങളുടെ ശബ്ദങ്ങളോട് പ്രതികരിക്കുന്നതിനായും നിന്റെ സത്യം ഞങ്ങൾക്ക് വെളിപ്പെടുത്തുന്നതിനായും ഞങ്ങളുടെ ആത്മാക്കളുടെ ഇടയനും സംരക്ഷകനുമായി നിലകൊള്ളുന്നതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. വിശ്വാസത്തോടും വിനയത്തോടും ഞങ്ങൾ തിരുമുമ്പാകെ തലവണക്കി മുഴംകാലുകളെ മടക്കുന്നു. നിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ അറിവിന്റെയും ജ്ഞാനത്തിന്റെയും ആത്മാവിനെ കൈക്കൊള്ളുന്നതിന് ഞങ്ങളെ വിടുവിക്കുകയും ശക്തീകരിക്കുകയും ചെയ്യേണമേ. അങ്ങയുടെ ദാസസ്വഭാവത്തിൽ പങ്കാളികളാകുന്നതിനും അതിന്റെ ചാലകങ്ങളാകുന്നതിനും അങ്ങയുടെ ആത്മാവിനെ ഞങ്ങളുടെമേൽ അയയ്ക്കേണമേ. ഇങ്ങനെ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു, ആമേൻ.

2026 ജനുവരി 11 ഞായർ

മഹത്വപ്രകാശനാളിന് പിമ്പ് ഒന്നാം ഞായർ
യേശുവിന്റെ സ്നാപനം: ആളത്വത്തിന്റെയും ദൗത്യത്തിന്റെയും പ്രഖ്യാപനം

രാ.	പുറ. 3: 1–15	സങ്കീ. 98
	ഗലാ. 4: 1–7	മത്താ. 3: 11–17

വൈ. യെശ. 53: 1–12/ അപ്പൊ. പ്ര. 8: 26–35

ഞങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായ കൃപാലുവായ ദൈവമേ, വിശുദ്ധ സ്നാപനത്തിലൂടെ നീ ഞങ്ങളെ സ്വന്ത അവകാശമായി തിരഞ്ഞെടുത്തതിനായും കൃപയുടെ ഉടമ്പടി മുദ്രയും അടയാളവും ഞങ്ങൾക്ക് നൽകിയതിനായും നീ ഞങ്ങളുടെ ദൈവവും ഞങ്ങൾ നിന്റെ ജനവും എന്ന് പ്രഖ്യാപിച്ചതിനായും ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. പിതാവുമായിട്ടുള്ള ഉടമ്പടി ബന്ധത്തിലേക്ക് സ്വീകരിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ നിന്റെ സ്നേഹത്തിൽ നിലനിൽക്കുവാനും വിശ്വാസത്തിൽ വളരുവാനും എല്ലാ പ്രലോഭനങ്ങളിൽ നിന്നും അപകടങ്ങളിൽനിന്നും സംരക്ഷിക്കപ്പെടുവാനും യേശുക്രിസ്തു ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമാണെന്ന് ഏറ്റുപറയുന്നതിന് ആത്മാവിൽ നയിക്കപ്പെടുവാനും ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജനുവരി 18 ഞായർ

മഹത്വപ്രകാശനാളിന് പിമ്പ് രണ്ടാം ഞായർ
ചങ്ങലകളെ ഭേദിക്കുക:
ആസക്തികളിൽനിന്നുള്ള വിമോചനം
മദ്യവിരുദ്ധ/ ലഹരിവിരുദ്ധ ഞായർ

രാ.	ദാനീ. 1: 8–21	സങ്കീ. 1
	കൊലൊ. 3: 1–11	മർക്കൊ. 5: 1–21

വൈ. സദ്യ. 23: 29–35/1 പത്രൊ. 1: 13–25

ജീവന്റെ ഉറവിടവും പരിപാലകനുമായ സർവശക്തനായ ദൈവമേ, അങ്ങയുടെ ഏകപുത്രനായ ഞങ്ങളുടെ കർത്താ

വായ യേശുക്രിസ്തുവിലൂടെ ഞങ്ങളെ വീണ്ടെടുത്തതിനായും പുതുജീവനിലേക്ക് കൊണ്ടുവന്നതിനായും സമൃദ്ധമായ ജീവന്റെയും കൃപയുടെയും അനുഭവത്തിലേക്ക് ഞങ്ങളെ നയിച്ചതിനായും ഞങ്ങൾ നിനക്ക് മനഃപൂർവമായി സ്തോത്രം ചെയ്യുന്നു. ജീവന്റെ വിവിധങ്ങളായ സാധ്യതകളുടെ മധ്യത്തിൽ വിവേകത്തോടും വിശ്വാസത്തോടും ഞങ്ങളുടെ തിരഞ്ഞെടുപ്പുകൾ നടത്തുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെ അടിമകളാക്കുന്ന എല്ലാ ശക്തികളിൽനിന്നും വിടുതൽ പ്രാപിക്കുവാനും ഞങ്ങളുടെ ആത്മാവിനെ പുതുക്കുവാനും അങ്ങയുടെ സ്വഭാവത്തിലേക്ക് ഞങ്ങളെ തന്നെ രൂപാന്തരപ്പെടുത്തുവാനും അങ്ങയുടെ സ്നേഹത്തിൽ എന്നും നിലകൊള്ളുവാനും ദൈവരാജ്യത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹാമൂലം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജനുവരി 25 ഞായർ

മഹത്വപ്രകാശനാളിന് പിമ്പ് മൂന്നാം ഞായർ

ഐക്യഞായർ

വിശ്വാസത്തിലും പ്രവൃത്തിയിലും ഉള്ള ഐക്യത

രാ. യോശു. 4: 1–11 സങ്കീ. 67
അപ്പൊ. പ്ര. 4: 32–37 മർക്കൊ. 6: 32–44
വൈ. ദാനീ. 2: 17–23/യാക്കോ. 2: 14–24

സർവജനങ്ങളുടെയും വിശ്വാസങ്ങളുടെയും ദൈവമേ, അങ്ങയുടെ വിശ്വസ്തതയെക്കുറിച്ച് ഞങ്ങളെ നിരന്തരം ഓർമപ്പെടുത്തുന്നതിനായും എല്ലാ ദേശങ്ങളെയും അങ്ങയുടെ സ്നേഹത്താൽ അനുഗ്രഹിക്കുന്നതിനായും ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. അങ്ങയുടെ രക്ഷണ്യശക്തിയെ തിരിച്ചറിയുവാനുള്ള കൃപ അടിയങ്ങൾക്ക് നൽകേണമേ. പല അവയവങ്ങൾ ചേർന്ന ഏകശരീരമാകുന്ന സഭയെ, ഈ വിഭജിത ലോകത്തിൽ, ഐക്യതയുടെയും അനുകമ്പയുടെയും അടയാ

ളവെളിച്ചമായി രൂപാന്തരപ്പെടുത്തിയതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ലോകത്തിൽ സമാധാനം ഉണ്ടാക്കുന്ന വരാകുവാനും മതിലുകൾക്ക് പകരം പാലങ്ങൾ നിർമ്മിക്കുന്നവർ ആകുവാനും ഞങ്ങൾക്ക് ലഭ്യമായിരിക്കുന്ന നന്മകൾ പരസ്പരം ഏകമനസ്സോടും ആത്മാവോടും പങ്കുവയ്ക്കുന്നവരായിരിപ്പാനും ഞങ്ങളെ ശക്തീകരിക്കേണമേ. ഞങ്ങൾക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ ആത്മാവിലും ശരീരത്തിലും വിശന്നിരിക്കുന്നവർക്ക് പകുത്തു നൽകുവാനും വിശ്വാസത്തോടും വിനയത്തോടും പരസ്പരം ശ്രവിക്കുവാനും മനസ്സിലാക്കുവാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ വാക്കുകളും പ്രവൃത്തികളും അങ്ങയുടെ ആത്മാവിനാൽ നയിക്കപ്പെട്ട്, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൽ വെളിപ്പെട്ട അങ്ങയുടെ അനുരഞ്ജിപ്പിക്കുന്ന സ്നേഹത്തിന്റെ സാക്ഷികളായി തീരുവാൻ ഞങ്ങളെ എല്ലായ്പോഴും സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, **ആമേൻ.**

അല്ലെങ്കിൽ

പൗലൊസിന്റെ രൂപാന്തരം

യിരെ. 1: 1–10 സങ്കീ. 67

അപ്പൊ. പ്ര. 9: 1–9 മത്താ. 19: 27–30

സർവശക്തനായ ദൈവമേ. അങ്ങയുടെ അപ്പൊസ്തലനായ പൗലൊസിലൂടെ സുവിശേഷത്തിന്റെ വെളിച്ചം സർവലോകത്തിലും പ്രകാശിക്കുവാൻ ഇടയാക്കിയതിനായി ഞങ്ങൾ നിനക്ക് സ്തോത്രംചെയ്യുന്നു. നിന്റെ രക്ഷാശക്തിയായ സുവിശേഷത്തെ ലോകത്തിലെ എല്ലായിടങ്ങളിലും പ്രഘോഷിക്കുന്നതിന് പ്രവാചകരെയും അപ്പൊസ്തലരെയും അങ്ങയുടെ വചനത്തിൽ വിളിച്ചതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ വിസ്മയകരമായ രൂപാന്തരത്തിനായി നിന്നെ സ്തുതിക്കുന്ന ഞങ്ങൾ

അദ്ദേഹം സുവിശേഷിച്ച സത്യത്തെ വിശ്വസ്തതയോടുകൂടെ സ്വീകരിക്കുവാനും അദ്ദേഹം സ്വയം നിനക്കായി സമർപ്പിച്ച തുപോലെ ഞങ്ങളും ഞങ്ങളെതന്നെ സമ്പൂർണമായി നിനക്കാ യി സമർപ്പിക്കുവാനും ഞങ്ങളും അപ്പൊസ്തലനായ പൗലൊ സിനെപോലെ അവിടുത്തെ കൃപയാൽ നിരന്തരം രൂപാന്ത രപ്പെട്ട് അങ്ങയുടെ കൃപയിൽ വസിക്കുവാനും സഹായിക്ക ണമേ. അപ്പൊസ്തലനെപോലെ ഞങ്ങളും അങ്ങയുടെ നാമ ത്തിൽ അയക്കപ്പെട്ട് അങ്ങയുടെ രാജ്യത്തിന്റെ നന്മകളെയും വാഗ്ദാനങ്ങളെയും വിശ്വസ്തതയോടുകൂടെ പ്രസംഗിക്കുവാ ൻ ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശു ദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു, ആമേൻ.

2026 ജനുവരി 26 തിങ്കൾ

റിപ്പബ്ലിക് ദിനം

ഐക്യതയും അഖണ്ഡതയും

നെഹെ. 2: 11–18 സങ്കീ. 101

1 പത്രൊ. 2: 11–17 മത്താ. 5: 13–16

സത്യത്തിന്റെ ഉറവിടവും ഐക്യതയുടെ അടിസ്ഥാനവു മായ കൃപാലുവും വിശ്വസ്തനുമായ ഞങ്ങളുടെ ദൈവമേ, വിഭാഗീയതകളുടെയും വ്യതിചലനങ്ങളുടെയും ഈ ലോക ത്തിൽ നിന്റെ സമാധാനത്തിന്റെയും ലക്ഷ്യത്തിന്റെയും ചാല കങ്ങളാക്കി ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. സ്നേഹത്തി ലും നീതിയിലും ഒരുമിച്ച് നടക്കുവാനും സത്യവും സംശുദ്ധി യും എല്ലാ പ്രവർത്തനങ്ങളിലും പിൻപറ്റുവാനും വിശ്വാസ ത്തിൽ ഞങ്ങളെ ശക്തീകരിക്കണമേ. ഏകശരീരമായി, മനസ്സി ലും ആത്മാവിലും ഐക്യപ്പെട്ട് അങ്ങയുടെ മഹത്വത്തിനായി സർവ സൽക്കർമ്മങ്ങളും നിർവഹിക്കുവാൻ ഞങ്ങളെ അനു ഗ്രഹിക്കണമേ. തിന്മയാൽ വിഭജിക്കപ്പെടുവാൻ ഞങ്ങളെ അ വിടുന്ന് അനുവദിക്കരുതേ. എന്നാൽ, നീതിക്കുവേണ്ടിയും ന ന്മയ്ക്കുവേണ്ടിയും സംശുദ്ധിക്ക് വേണ്ടിയും നിരന്തരം പോരാ ടുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. ത്രിയേക ദൈവത്തി

ന്റെ ആത്മീയ ഐക്യം പ്രതിബിംബിക്കുന്ന മഹത്തായ സമൂഹമായി നിലനിൽക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ഒരു ഐക്യജനതയായി അങ്ങയുടെ ഹിതത്തിൽ ഒരുമപ്പെട്ട് സത്യത്തിൽ കൂട്ടിച്ചേർക്കപ്പെട്ട് കൃപയാൽ നയിക്കപ്പെട്ട് അങ്ങയുടെ സ്നേഹത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ട് ഐക്യത്തോടും സംശുദ്ധിയോടും ഏകസമൂഹമായി നിലനിൽക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഫെബ്രുവരി 1 ഞായർ

ഉയിർപ്പിനു മുമ്പ് ഒൻപതാം ഞായർ

സൃഷ്ടിയുടെ സർവസമ്പൂർണതയിലേക്ക് നയിക്കുന്ന ശബ്ബത്ത്

രാ. ഉൽപ. 1: 31–2:3 സങ്കീ. 24
എബ്രാ. 4: 2–11 മർക്കൊ. 3: 1–6
വൈ. പുറ. 31: 12–17/വെളി. 21: 1–17

സൃഷ്ടിയുടെയും സ്വസ്ഥതയുടെയും കർത്താവായ ദൈവമേ, നിന്റെ സകല സൃഷ്ടികളെയും സ്നേഹത്തോടെ ദർശിച്ചതിനായി അതിനെ എല്ലാം നല്ലത് എന്ന് കണ്ടതിനായും ഏഴാം ദിനം സകലത്തെയും സ്വസ്ഥതയുടെ താളത്തിലേക്ക് അനുഗ്രഹിച്ചതിനായും വിശുദ്ധീകരിച്ചതിനായും ഞങ്ങൾ നിനക്ക് സ്തോത്രംചെയ്യുന്നു. അങ്ങയുടെ അമൂല്യ ദാനമായി ശബ്ബത്തിനെ കാണുവാനും അങ്ങയുടെ സാന്നിധ്യത്തിന്റെ നിറവിൽ എപ്പോഴും ആയിരിക്കാനും ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെയും ആത്മാക്കളെയും പുതുക്കി, ഞങ്ങൾ ചെയ്യുന്ന പ്രവൃത്തികളിലല്ല, മറിച്ച് ഞങ്ങൾ അങ്ങിൽ ആരാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുടെ ആളത്വത്തെ കണ്ടെത്തുവാനും ഞങ്ങളെ സഹായിക്കണമേ. അങ്ങയിലുള്ള വിശ്വാസത്തിൽ ശബ്ബത്തിന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കുവാനും സകല സൃഷ്ടികളെയും ആദരിക്കുവാനും നീതിയും കരുണയും മുറുകെപിടിക്കുവാനും ശബ്ബത്തിന്റെ കർത്താവായ യേശുക്രിസ്തുവിൽ സൗഖ്യവും സമ്പൂർണതയും കണ്ടെ

ത്തുവാനും ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഫെബ്രുവരി 2 തിങ്കൾ
യേശുവിനെ സമർപ്പിക്കൽ

1 ശമൂ. 1: 19–28 സങ്കീ. 118: 19–29

റോമ. 11: 33–12: 2 ലൂക്കൊ. 2: 22–40

നിത്യനും സർവശക്തനുമായ ദൈവമേ, അങ്ങയുടെ അവതാരപുത്രനായ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ച്, ശിമോനും അന്നയും അവനെ സർവ്വസൃഷ്ടികളുടെയും രക്ഷകനായി സസന്തോഷം സ്വീകരിച്ച് ആശീർവദിച്ചതിനായി ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. അവരെപ്പോലെ ഞങ്ങളും പരിശുദ്ധാത്മാവിനാൽ നിറഞ്ഞും നയിക്കപ്പെട്ടും അങ്ങയുടെ രക്ഷയുടെ മഹത്വത്തെ അംഗീകരിക്കാനും ഞങ്ങളെതന്നെ ജീവനും വിരുദ്ധിയും ദൈവപ്രസാദവുമുള്ള യാഗങ്ങളായി സമർപ്പിക്കുവാനും സഹായിക്കണമേ. ഞങ്ങളുടെ ജീവാവസാനം വരെ നിന്റെ ശുശ്രൂഷയിൽ വിശ്വസ്തരായി നിലനിൽപ്പാൻ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ഏകദൈവമായി ജീവിച്ചുവാഴുന്ന നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

.

2026 ഫെബ്രുവരി 8 ഞായർ
ഉയിർപ്പിനു മുമ്പ് എട്ടാം ഞായർ
സൗഖ്യദായക ഞായർ
അനുകമ്പ: സ്നേഹത്തിലും സഹനത്തിലുമുള്ള ഒരുമ

രാ. യെശ. 42: 1–9 സങ്കീ. 103: 1–14

യാക്കോ. 5: 13–18 മത്താ. 9: 35–38

വൈ. 2 രാജാ. 5: 8–14/അപ്പൊ.പ്ര. 3: 1–10

സർവജീവാംശത്തിന്റെയും അനുകമ്പയുടെയും സകലത്തിന്റെയും രക്ഷിതാവുമായ ഞങ്ങളുടെ ദൈവമേ, അനുത

പിക്കുന്നവർക്ക് ആശ്രയവും നിന്നെ അന്വേഷിക്കുന്നവർക്ക് സ്നേഹവും ക്ഷമയും ശക്തിയും നൽകുന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ വീണ്ടെടുപ്പിനായി കാൽവരി ക്രൂശിൽ വെളിപ്പെട്ട ത്രിയേക ദൈവത്തിന്റെ വിമോചന കർമ്മത്തിനും യേശുക്രിസ്തുവിന്റെ സഹനത്തിൽ ദൃശ്യമായ നിന്റെ നിരന്തരസ്നേഹത്തിന്റെയും സാക്ഷികളാകാൻ ഞങ്ങളെ തുണക്കേണമേ. നിന്റെ ദാസനായ ക്രിസ്തുവിനെപ്പോലെ, നീതിയും കരുണയുമുള്ളവരായി, അടിമത്തത്തിലായവരെ വിമോചിപ്പിക്കുവാനും നിശ്ശബ്ദമാക്കപ്പെട്ടവർക്ക് ഐക്യദാർഢ്യത്തിന്റെ ശബ്ദമാകാനും സൗഖ്യത്തിന്റെയും പ്രാർത്ഥനയുടേയും പ്രഘോഷണത്തിന്റെയും ചാലകങ്ങളാകാനും ഈ കാലത്ത് ഞങ്ങളെ ശക്തീകരിക്കണമേ. വിശ്വസ്തതയുടേയും അനുകമ്പയുടേയും കർമ്മങ്ങളിലൂടെ യേശുക്രിസ്തുവിന്റെ കൃപയ്ക്കായി നിരന്തരം കാംക്ഷിക്കുന്ന ലോകത്തിന് വെളിപ്പെടുത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനം കൂടാതെ എപ്പോഴും ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, **ആമേൻ.**

അല്ലെങ്കിൽ

വീഴ്ച: ദൈവോദ്ദേശ്യത്തിൽ നിന്നുമുള്ള അകൽച്ച

രാ. ന്യായാ. 2: 7–22 സങ്കീ. 14

1 തിമൊ. 4: 1–10 ലൂക്കൊ. 18: 18–27

വൈ. ഉൽപ. 3: 1–13/റോമ. 1: 18–23

സമാധാനത്തിന്റെയും ക്രമത്തിന്റെയും ദൈവമേ, ഈ പ്രപഞ്ചത്തിലെ സകലത്തിനേയും നിനന്റെ ഹിതനിവർത്തിക്കായി ഒരുമയോടെ നിലനിൽക്കാൻ സൃഷ്ടിച്ചതിനായി അങ്ങേക്ക് സ്തോത്രം ചെയ്യുന്നു. പലവിധ പ്രലോഭനങ്ങളിൽ വീണുപോകുന്നതിലൂടെ, സൃഷ്ടികളോടും അങ്ങയോടുമുള്ള ഉടമ്പടിയുടെ ഒത്തൊരുമയെ അലങ്കോലമാക്കിയ ഞങ്ങളുടെ തെറ്റുകളെ ക്ഷമിച്ച് ഞങ്ങളോട് കരുണ തോന്നേണമേ. ഞങ്ങളുടെ ജീവിതത്തിലെ തിരുഹിതത്തെ പൂർത്തിയാക്കി അങ്ങയോട്

ചേരുവാൻ സഹായിക്കണമേ. വീണുപോയ അവസ്ഥയിൽനിന്ന് ആഴമായ വിശ്വാസത്തിലേക്ക് ഞങ്ങളെ നയിക്കേണമേ. വഴി തെറ്റിക്കുന്ന കപടശബ്ദങ്ങളിൽനിന്നും അദൈവികമായതിൽനി ന്നും അകന്നുജീവിക്കാൻ ശക്തീകരിക്കേണമേ. ഞങ്ങളുടെ ഏക രക്ഷിതാവും ക്രമരഹിതലോകത്തിൽ ഫലകരവും വിശ്വ സ്തവുമായ ജീവിതം നയിക്കാൻ തന്റെ കൃപയാൽ നമ്മെ വിളി ച്ചിരിക്കുന്നവനുമായ യേശുക്രിസ്തുവിലേക്ക് നോക്കി ജീവി ക്കാൻ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാ വിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവി ച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഫെബ്രുവരി 15 ഞായർ

ഉയിർപ്പിനു മുമ്പ് ഏഴാം ഞായർ

മിഷൻ ഞായർ

ദൗത്യം: പ്രവർത്തനങ്ങളിൽ മനസ്സലിവോടെ

രാ.	യെശ. 58: 6–10	സങ്കീ. 82
	1 യോഹ. 3: 16–18	മത്താ. 9: 35–38
വൈ.	ആവ. 10: 12–22/2 കൊരി. 9: 6–15	

നീതിമാനും കരുണനിറഞ്ഞവനുമായ ദൈവമേ, നീ ദിവ്യ സഭയെ ന്യായം വിധിക്കുന്നവരും നിന്റെ വഴികൾ എപ്പോഴും ന്യായത്തിന്റെയും മനസ്സലിവിന്റെയും ആകുന്നുവല്ലോ. നിന്റെ പുത്രനായ യേശുക്രിസ്തുവിനെ അയച്ചതിനായും പുത്രൻ തന്റെ കരുണയാൽ സ്വന്തജീവൻ നൽകുകയും, രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തതിലൂടെ നിന്റെ സ്നേഹം വെളിപ്പെടുത്തിയതിനായി ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. അന്യായബന്ധനങ്ങളെ തകർക്കുന്നതിനും വിശ ക്കുന്നവർക്കൊപ്പം അപ്പം പങ്കിടുന്നതിനും, ബലഹീനരെ സംര ക്ഷിക്കുന്നതിനും, തള്ളപ്പെട്ടവരെ ആശ്ലേഷിക്കുന്നതിനും, അങ്ങനെ ഞങ്ങളുടെ വാക്കിനാലും പ്രഖ്യാപനങ്ങളാലും മാത്ര മല്ല, പ്രവൃത്തിയിലും സത്യത്തിലും നിന്റെ വയൽപ്രദേശത്ത് വിശ്വസ്തതയോടെ അധ്വാനിക്കുന്നവരായിരിപ്പാൻ നിന്റെ

ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കേണമേ. അന്ധകാരം നിറഞ്ഞ ഈ ലോകത്ത് നിന്റെ വെളിച്ചം ഞങ്ങളിലൂടെ പ്രകാശിക്കേണ്ടതിന് എല്ലാവിധ അടിമത്തങ്ങളെയും തകർക്കുന്നതിനും നിന്റെ നീതിയെയും മനസ്സലിവിനെയും സാക്ഷാൽക്കരിക്കുവാൻ, ഞങ്ങളെ എല്ലാവിധ ആത്മീയ കപടതകളിൽനിന്നും വേർതിരിക്കേണമേ. നിരാശ്രയർക്ക് പ്രത്യാശയും, ചൂഷിതർക്ക് വിമോചനവും നൽകുന്നതിന് കേവലം വർജനങ്ങൾ കൊണ്ടു മാത്രമല്ലാതെ, നീതിയോടും മനസ്സലിവോടും ത്യാഗനിർഭരമായ സ്നേഹത്തോടുംകൂടി നീ ഞങ്ങളെ സ്നേഹിച്ചതുപോലെ, ഞങ്ങളും മറ്റുള്ളവരെ സ്നേഹിക്കേണ്ടതിന് ഞങ്ങളുടെ ഹൃദയങ്ങളെ പുതുക്കേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി ജീവിച്ചുവാഴുന്ന മനസ്സലിവുള്ള ഞങ്ങളുടെ ഇടയനായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

അല്ലെങ്കിൽ

സകലത്തെയും വീണ്ടെടുക്കുന്ന ക്രിസ്തു:
സർവരെയും ആശ്ലേഷിക്കുന്ന ദൈവസ്നേഹം

രാ. യോനാ. 4: 1–11 സങ്കീ. 107: 1–20
1 തിമൊ. 2: 1–7 മർക്കൊ. 2: 13–17

വൈ. ആമോ. 9: 5–12/തീത്തൊ. 2: 11–15

സ്നേഹവാനും കാരുണ്യവാനുമായ ഞങ്ങളുടെ ദൈവമേ, നിന്റെ ആർദ്രതയ്ക്ക് അതിർത്തികളില്ലാത്തതിനായും നിന്റെ കൃപ സകലരിലേക്കും എത്തിച്ചേരുന്നതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ തകർന്ന ഹൃദയങ്ങളോടും ജീവിതങ്ങളോടും സൗഖ്യം സംസാരിച്ച് ഞങ്ങളെ രക്ഷിക്കുന്നതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. മറ്റുള്ളവരുടെ രക്ഷയിൽ സന്തോഷിക്കുന്നതിനുള്ള ഞങ്ങളുടെ വൈമനസ്യത്തെ അങ്ങ് ക്ഷമിക്കേണമേ. എല്ലാവരും രക്ഷിക്കപ്പെടണമെന്നുള്ള അങ്ങയുടെ ഹിതത്തെ തിരിച്ചറിഞ്ഞ് സകലർക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

തകർക്കപ്പെട്ടവരേയും പുറന്തള്ളപ്പെട്ടവരേയും പാപികളാക്ക പ്പെട്ടവരേയും സ്നേഹത്തോടെയും ബഹുമാനത്തോടെയും സ്വീകരിക്കാനുള്ള മനസ്സൊരുക്കം ഞങ്ങൾക്ക് നൽകണമേ. വ്യ വസ്ഥകൂടാതെ സ്നേഹിക്കുകയും തിരസ്കൃ തരോടൊപ്പം കൂ ട്ടായ്മ ആചരിക്കുകയും ചെയ്ത യേശുകർത്താവിന്റെ പാത പിൻപറ്റുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. വീണ്ടെടുക്കുന്ന അങ്ങയുടെ സ്നേഹം ഞങ്ങളിലൂടെ ലോകത്തിൽ പകർന്ന് സകലരേയും ആശ്ലേഷിച്ച് പ്രത്യാശ നിലനിർത്തുന്ന അങ്ങയു ടെ ഹിതം നിറവേറുന്നതിന് തുണയ്ക്കണമെന്ന് പിതാവിനോ ടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടപേക്ഷി ക്കുന്നു, **ആമേൻ.**

2026 ഫെബ്രുവരി 16 തിങ്കൾ

ആദ്യരക്തസാക്ഷിയായ സ്തെഫാനൊസ്

2 ദിന. 24: 20–22 സങ്കീ. 31: 1–5

അപ്പൊ. പ്ര. 7: 51–60 മത്താ. 10: 16–22

കാരുണ്യവാനായ ദൈവമേ, സഭയുടെ ആദ്യ രക്തസാക്ഷി യും നിന്റെ ശുശ്രൂഷകനുമായ സ്തെഫാനൊസിനെ, മരണം വരെ സത്യത്തിന് സാക്ഷിനിൽക്കുന്നതിനും തന്നെ കല്ലെറി ഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള കൃപ നൽകിയതി നായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. നീതിക്കുവേണ്ടി യിട്ടുള്ള ഞങ്ങളുടെ സഹനങ്ങളിൽ മറ്റുള്ളവരെ സ്നേഹിക്കു ന്നതിനും ഞങ്ങളെ അപകടപ്പെടുത്തുവാൻ ശ്രമിക്കുന്നവരോട് ക്ഷമിക്കുന്നതിനും സ്തെഫാനൊസിനേപ്പോലെ സ്വർഗത്തിലേ ക്ക് കണ്ണുകളുയർത്തി, ഞങ്ങളുടെ കാര്യസ്ഥനും മധ്യസ്ഥനു മായ ക്രൂശിക്കപ്പെട്ട കർത്താവിന്റെ കരങ്ങളിൽ ആത്മാവിനെ ഭരമേൽപ്പിക്കുന്നതിനും ഞങ്ങൾക്ക് സഹായിക്കണമെന്ന് പിതാ വിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശു മശിഹാമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ഫെബ്രുവരി 18 ബുധൻ
ചാമ്പൽ ബുധൻ
നോമ്പ്: പുതുക്കത്തിനായുള്ള വിളി

യെഹെ. 36: 24-36 സങ്കീ. 51
റോമ. 11: 33-12: 2 മത്താ. 6: 5-18
വൈ. 2 കൊരി. 4: 7-18

കൃപാലുവും സർവശക്തനുമായ ദൈവമേ, എല്ലാ ദേശങ്ങളിൽനിന്നും അങ്ങയുടെ പ്രിയജനങ്ങളെ വിളിച്ചുചേർക്കുന്നതിനായും ജീവനീരുറവയുടെ കൃപയാൽ നുറുക്കപ്പെട്ട ഞങ്ങളെ ആശ്വസിപ്പിക്കുന്നതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഞങ്ങളെത്തന്നെ ജീവനും വിശുദ്ധിയും പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുന്നതിന് നിന്റെ ആത്മാവിനാൽ ഞങ്ങളെ പുതുക്കേണമേ. ഞങ്ങളുടെ സകല അശുദ്ധികളിൽനിന്നും ഞങ്ങളെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ രക്ഷയുടെ സന്തോഷത്താൽ ഞങ്ങളെ ആനന്ദിപ്പിക്കേണമേ. ശൂന്യമായ വാക്കുകളേക്കാൾ സത്യസന്ധമായ ഹൃദയങ്ങളോടുകൂടെ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. യഥാർഥ അനുതാപത്തോടും ഉപവാസത്തോടും ആന്തരികമായ രൂപാന്തരത്തോടും നിന്നെ സമീപിക്കുവാനും നിന്റെ ഹിതം ലോകത്തിന്റെ താൽപ്പര്യങ്ങൾക്ക് കീഴ്പ്പെടാതെ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നിവർത്തിക്കുവാനും ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ എന്നും ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

ഫെബ്രുവരി 22
ഉയിർപ്പിനു മുമ്പ് ആറാം ഞായർ
നോമ്പിൽ ഒന്നാം ഞായർ
ആർദ്രതയുള്ളവരാകുവാനുള്ള ആഹ്വാനം

രാ. രൂത്ത് 2: 4-20 സങ്കീ. 145
എഫെ. 4: 25-32 മർക്കൊ. 1: 40-45
വൈ. ആവ. 4: 31-40/1 യോഹ. 3: 15-24

നിത്യമായി ഞങ്ങളെ സ്നേഹിച്ചു പരിപാലിക്കുന്ന പിതാവാം ദൈവമേ, ആർദ്രതയുള്ള ആത്മാവിനാൽ നിന്റെ ജനങ്ങ

ളായ ഞങ്ങളെ നയിക്കുകയും നിന്റെ പുത്രനായ കർത്താവാ യ യേശുക്രിസ്തുവിൽകൂടെ ഞങ്ങളുടെ പാപങ്ങളിൽനിന്ന് ഞ ങ്ങളെ വീണ്ടെടുക്കുകയും ചെയ്തതിനായി ഞങ്ങൾ നിനക്ക് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. നിന്റെ കൃപയാൽ രൂപാന്തരപ്പെട്ടും നിന്റെ അനുകമ്പയാൽ ശുദ്ധീകരിക്കപ്പെട്ടും മറ്റുള്ളവരോടുള്ള ബന്ധത്തിൽ നിന്റെ അനുകമ്പയെ പ്രതി ഫലിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ കര ങ്ങളെ ഉയർത്തി മനസ്സുകളെ തുറന്ന് മറ്റുള്ളവർക്ക് നിന്റെ സൗ ഖ്യമാക്കുന്ന സ്നേഹം പകരുവാൻ സഹായിക്കേണമേ. രൂത്തി നെപോലെ ശുശ്രൂഷയിൽ വിശ്വസ്തരായും കർത്താവായ യേശുക്രിസ്തുവിനെപോലെ തകർന്നിരിക്കുന്നവർക്ക് ആശ്വാ സത്തിന്റെ സാന്ത്വനസ്പർശമായിരിക്കാനും ഈ ലോകത്തിൽ അങ്ങയുടെ ജീവാത്മാവിനെ നിരന്തരം പകരുവാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനംകൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 1 ഞായർ

ഉയിർപ്പിനു മുമ്പ് അഞ്ചാം ഞായർ
നോമ്പിൽ രണ്ടാം ഞായർ
സ്ത്രീജനസഖ്യ ഞായർ
യഥാസ്ഥാപനത്തിൽ സ്ത്രീയുടെ പങ്ക്: സഭയിലും സമൂഹത്തിലും

രാ. 2 രാജാ :8: 1-6 സങ്കീ : 71: 12-24

റോമ:16: 1- 7 മത്തായി :26:6-13

ആദിമസഭയുടെ കെട്ടുപണിക്കും ഉദ്ധാരണത്തിനും സ്ത്രീ കളെയും പങ്കാളികളാക്കിയ പരിശുദ്ധനായ ദൈവമേ, അനവ ധി കഷ്ടങ്ങളുടെയും അനർഥങ്ങളുടെയും മധ്യത്തിൽനിന്ന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ. ആധുനിക ലോകത്തിൽ തങ്ങളുടെ കുടുംബങ്ങളെ നിന്നോട് ചേർത്തുനിർത്തി ക്കൊണ്ട് സഭയെ യഥാസ്ഥാപനപ്പെടുത്തുവാനും സമൂഹത്തിൽ അതി

ന്റെ മാറ്റൊലികൾ മുഴങ്ങിക്കേൾക്കുവാനും അതുമൂലം അനേകരെ ദൈവരാജ്യത്തിൽ അംഗങ്ങളാക്കുവാനും സ്ത്രീകളെ ശക്തീകരിക്കേണമേ. കർത്താവിന്റെ ഹിതം എന്തെന്ന് തിരിച്ചറിഞ്ഞ് ജീവിക്കുന്നതിലൂടെ ക്രിസ്തുവിന്റെ മാതൃക കാട്ടിക്കൊടുക്കുവാൻ ഞങ്ങളെ ഓരോരുത്തരെയും സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി ജീവിച്ചുവാഴുന്ന പുത്രന്റെ നാമത്തിൽ യാചിക്കുന്നു കൃപയോടെ കേൾക്കേണമേ, **ആമേൻ.**

അല്ലെങ്കിൽ

പരസ്പരം ഭാരങ്ങൾ വഹിക്കുവാനുള്ള ആഹ്വാനം

രാ. 2 ശമൂ. 9: 1–13 സങ്കീ. 41
ഗലാ. 6: 1–10 മർക്കൊ. 2: 1–12

വൈ. സെഖ. 7: 4–10/റോമ. 12: 9–21

കാരുണ്യവാനായ ദൈവമേ, ചരിത്രത്തിലാകമാനം വെളിപ്പെട്ട നിന്റെ നിത്യമായ സ്നേഹത്തിനായും അനുകമ്പയ്ക്കായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. പരസ്പര പ്രോത്സാഹനത്തിനായി മാനവരാശിയെ സൃഷ്ടിച്ചതിനും ജനങ്ങളെ സ്നേഹത്തിലും സമാധാനത്തിലും ഐക്യതയിലും നടത്തുന്നതിനായി അവർക്ക് നേതാക്കളെ നിയമിച്ചതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. കർത്താവായ യേശുക്രിസ്തു പക്ഷവാതരോഗിയോട് കരുണ കാണിച്ചതുപോലെയും ഞങ്ങളുടെ പാപങ്ങളെ കാൽവരി ക്രൂശിൽ വഹിച്ചതുപോലെയും പരിശുദ്ധാത്മാവിൽ പരസ്പരം ഭാരങ്ങളെ വഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ദാവീദ് മെഫീബോശെത്തിനോട് ദയ കാണിച്ചതുപോലെ, ഞങ്ങളും മറ്റുള്ളവരെ സൗമ്യതയിൽ ശുശ്രൂഷിപ്പാനും സ്നേഹത്തിൽ പിന്തുണയ്ക്കുവാനും അവരുടെ ഭാരങ്ങൾ പങ്കിടുന്നതിൽ വിശ്വസ്തരായിരിപ്പാനും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും നിന്റെ രാജ്യം ഈ ഭൂമിയിൽ യാഥാർഥ്യമാക്കുന്നതിനും ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനം കൂടാതെ ഏകദൈവമായി ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 8 ഞായർ
ഉയിർപ്പിനു മുമ്പ് നാലാം ഞായർ
നോമ്പിൽ മൂന്നാം ഞായർ
സർവരെയും ഉൾക്കൊള്ളുന്നതിനുള്ള ആഹ്വാനം

രാ. യെശ. 56: 1–8 സങ്കീ. 86
വെളി. 7: 9–17 മത്താ. 15: 21–28
വൈ. രൂത്ത് 4: 1–10/ഗലാ. 3: 23–29

പരസ്പരബന്ധത്തിന്റെയും ഉൾക്കൊള്ളലിന്റെയും ദൈവമേ, അങ്ങയുടെ കൃപയിലും ആശ്വാസത്തിലും ലോകത്തിലെ സകല സമൂഹങ്ങളെയും ഗോത്രങ്ങളെയും ദേശങ്ങളെയും അവയിലുള്ള സകലജനങ്ങളെയും സ്നേഹത്തിൽ ആശ്ലേഷിക്കുന്നതിനായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിന്റെ പ്രവാചകരിലൂടെയും സങ്കീർത്തനങ്ങളിലൂടെയും വിശുദ്ധരിലൂടെയും അങ്ങയുടെ ആലയം സർവജനങ്ങളുടെയും പ്രാർത്ഥനാലയം ആയിരിക്കുമെന്ന് വെളിപ്പെടുത്തിയതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അങ്ങയുടെ നിത്യമായ സ്നേഹത്തിന്റെ ശക്തിയെ തിരിച്ചറിയുന്നതിനും സകലതിനെയും ഉൾക്കൊള്ളുവാനുള്ള നിന്റെ ആഹ്വാനത്തെ മനസ്സിലാക്കുന്നതിനും വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരെയും ലോകത്താൽ തിരസ്കരിക്കപ്പെട്ടവരെയും ചേർത്തുനിർത്തുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ദൗത്യത്തിന്റെ വിശാലതയെ തിരിച്ചറിയുന്നതിനും ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 15 ഞായർ
ഉയിർപ്പിനു മുമ്പ് മൂന്നാം ഞായർ
നോമ്പിൽ നാലാം ഞായർ
വിമോചനാത്മകമാകുവാനുള്ള ആഹ്വാനം

രാ. യെശ. 1: 12–17 സങ്കീ. 9
എഫെ. 6: 5–9 ലൂക്കൊ. 13: 10–17
വൈ. ലേവ്യാ. 25: 8–13/2 കൊരി. 1: 3–11

വിമോചകനായ ഞങ്ങളുടെ ദൈവമേ, നിരാലംബരോടും അടിച്ചമർത്തപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും

വെളിപ്പെട്ട ദൈവിക ഐക്യദാർഢ്യത്തിനായി ഞങ്ങൾ നിനക്ക് മനഃപൂർവമായി നന്ദി അർപ്പിക്കുന്നു. നിന്റെ സാന്നിധ്യത്തിലൂടെ സ്നേഹം വെളിപ്പെട്ടത്തിനായും സമാധാനത്തിന്റെയും നീതിയുടെയും സ്വാർഥരഹിതമായ പ്രവർത്തനങ്ങൾക്ക് ഞങ്ങളെ പ്രേരിപ്പിക്കുന്നതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവാചകർ നീതിക്കുവേണ്ടി ശബ്ദിച്ചതുപാലെ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു പീഡിതരേയും തളർന്നുപോയവരെയും സൗഖ്യമാക്കി പുനഃസ്ഥാപിച്ചതുപോലെയും സകല ജീവജാലങ്ങളോടും യഥാർഥ കൂട്ടായ്മയിലും ഐക്യതയിലും പുലരുന്നതിന് ഞങ്ങളെ ശക്തീകരിക്കേണമേ. ഈ ലോകത്തിൽ കഷ്ടതകളും കഠിനതകളും അനുഭവിക്കുന്ന സകല ജനങ്ങളോടുമൊപ്പം ഐക്യദാർഢ്യത്തോടെ നിലയുറപ്പിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 22 ഞായർ

ഉയിർപ്പിനു മുമ്പ് രണ്ടാം ഞായർ
നോമ്പിൽ അഞ്ചാം ഞായർ
കഷ്ടാനുഭവ ഞായർ
കുരിശ്: കൃപയുടെ ആവിഷ്കരണം

രാ. മീഖാ. 7: 15–20 സങ്കീ. 31
1 പത്രൊ. 2: 17–24 മർക്കൊ. 10: 46–52

വൈ. യിരെ. 31: 31–34/റോമ. 5: 8–21

സ്നേഹവാനും കാരുണ്യവാനുമായ ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ പാപങ്ങൾ വഹിക്കുന്നതിനും ഞങ്ങളുടെ വീണ്ടെടുപ്പിനായി ക്രൂശിൽ മരിക്കുന്നതിനുമായി നിന്റെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. രക്ഷയുടെയും നിത്യജീവന്റെയും കൃപാനുഗ്രഹങ്ങൾ ഞങ്ങൾക്ക് തന്നതിനായും പുരാതന കാലം മുതൽ അങ്ങയുടെ സ്നേഹവും ക്ഷമയും അനവരതം ചൊരിഞ്ഞതിനായും ഞങ്ങൾ നിനക്ക് സ്തുതികൾ അർപ്പി

ക്കുന്നു. തന്നെ പീഡിപ്പിച്ചവരോട് വൈരാഗ്യമോ വെറുപ്പോ ഇല്ലാതെ തന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഭരമേൽപ്പിച്ച ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിത പാത പിൻപറ്റുവാനും മറ്റുള്ളവരോട് അങ്ങയുടെ സ്നേഹത്തിലും കൃപയിലും ക്ഷമിക്കുവാനും ഞങ്ങളെ ശക്തീകരിക്കേണമേ. വിനയമുള്ള ഹൃദയങ്ങൾ ഞങ്ങൾക്ക് നൽകണമേ. അങ്ങയുടെ ഹിതത്തെ അനുസരിക്കാൻ ഞങ്ങളെ ശക്തീകരിക്കണമേ. ബർത്തിമായിയെപോലെ ശിഷ്യത്വത്തിന്റെ കാഴ്ചയിൽ അങ്ങയെ പിൻപറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ഇഹലോക ജീവിതത്തിൽ അങ്ങയുടെ അനുഗ്രഹത്തിന്റെ ചാലകങ്ങളായി നിലനിൽക്കുവാൻ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 25 ബുധൻ

മറിയാമിനോടുള്ള അരുളപ്പാട്

യെശ. 7: 10–14	സങ്കീ. 41: 1–10
ഗലാ. 4: 1–7	ലൂക്കൊ. 1: 26–38

സ്നേഹവാനായ ഞങ്ങളുടെ ദൈവമേ, സ്വർഗീയമാലാഖമാരുടെ സന്ദേശത്തിലൂടെ നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ അവതാരത്തെക്കുറിച്ച് ഞങ്ങളെ അറിയിച്ചതിനായും കാലസമ്പൂർണ്ണതയിൽ നിന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചതിനായും ഞങ്ങൾ നിനക്ക് സ്തോത്രംചെയ്യുന്നു. ന്യായപ്രമാണത്തിൻ കീഴിലായിരുന്ന ഞങ്ങളെ നിന്റെ മക്കളും അവകാശികളുമായി സ്വീകരിച്ചതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. യേശുക്രിസ്തുവിന്റെ കുരിശും സഹനങ്ങളും പുനരുത്ഥാനത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തിയതിനാൽ ഞങ്ങൾ കരുണയിലും അങ്ങയോടുള്ള അനുസരണത്തിലും അങ്ങയുടെ സുവിശേഷത്തോടുള്ള സമർപ്പണത്തിലും ജീവിക്കുവാൻ പ്രാപ്തരാക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മാർച്ച് 29 ഞായർ
ഉയിർപ്പിനു മുമ്പ് ഒന്നാം ഞായർ
ഹോശന്ന ഞായർ
സമാധാനത്തിന്റെ രാജാവ് പ്രവേശിക്കട്ടെ

രാ. 2 രാജാ. 7: 3–20 സങ്കീ. 24

ഫിലി. 4: 4–13 മർക്കൊ. 11: 1–11

വൈ. സെഖ. 9: 1–12/കൊലൊ. 3: 12–17

സ്നേഹവാനും കൃപാലുവുമായ ഞങ്ങളുടെ ദൈവമേ, നീ സമാധാനത്തിന്റെ രാജാവായതിനാലും നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള വിജ യ പ്രവേശ നത്തിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ആയുധ ങ്ങളുടെ സംരക്ഷണമോ അധികാരമോ ഇല്ലാതെ, സൗമ്യത യിലും ആർദ്രതയിലും സഞ്ചരിച്ചതിലൂടെ, സമാധാനത്തിനാ യും നീതിക്കായും ഉള്ള നിന്റെ അഭിവാഞ്ഛയെ ഈ യാത്ര യിലൂടെ കർത്താവ് വെളിപ്പെടുത്തിയതിനായും ഞങ്ങൾ നിന ക്ക് സ്തോത്രം ചെയ്യുന്നു. യേശുവിനെ ഞങ്ങളുടെ ഹൃദയങ്ങ ളിലേക്കും സഭകളിലേക്കും സമൂഹത്തിലേക്കും വിശാലമായ ലോകത്തിലേക്ക് സ്വാഗതം ചെയ്യുന്നതിനുള്ള കൃപ ഞങ്ങൾ ക്ക് നൽകണമേ. സംഘർഷങ്ങളാലും യുദ്ധങ്ങളാലും നീതി യും സമാധാനവും തകർക്കപ്പെട്ട ഇടങ്ങളിൽ അങ്ങയുടെ ആ ത്മാവിൽ പ്രത്യാശയുടെയും അനുരഞ്ജനത്തിന്റെയും നീതി യുടെയും മധ്യസ്ഥരായി പ്രവർത്തിപ്പാൻ ഞങ്ങളെ ബലപ്പെടു ത്തണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ നിരന്തരം ജീവിച്ചു വാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 2 വ്യാഴം
പെസഹ വ്യാഴം
യൂക്കറിസ്റ്റ്: ജീവദായക സ്നേഹം

രാ. പുറ. 16: 4–12 സങ്കീ. 139

1 കൊരി. 11: 23–29 യോഹ. 13: 1–17, 34–35

വൈ. ഉൽപ. 22: 1–14/1 കൊരി. 13: 4–8

തന്റെ ഏകപുത്രനായ യേശുക്രിസ്തുവിലൂടെ ജീവദായ ക സ്നേഹത്തിന്റെ പൂർണതയെ വെളിപ്പെടുത്തിയ കൃപാലു

വായ ദൈവമേ, നിന്റെ സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കേണമേ. ഞങ്ങൾക്കായി നുറുക്കപ്പെട്ട കർത്താവായ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെയും കാൽവരി ക്രൂശിൽ ചൊരിഞ്ഞ ജീവരക്തത്തിന്റെയും ഓർമയിൽ, യേശുക്രിസ്തു ഞങ്ങളെ സ്നേഹിച്ചതുപോലെ ഞങ്ങളും പരസ്പരം സ്നേഹിക്കുവാൻ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 3 വെള്ളി
വലിയ വെള്ളിയാഴ്ച
കുരിശ്: ജീവന്റെ ആഘോഷം

രാ.	പുറ. 12: 1–17	സങ്കീ. 22/88
	1 കൊരി. 1: 18–25	മർക്കൊ. 15:21–41/
		യോഹ. 12: 22–33

അനുകമ്പയുടെ ദൈവമേ, അങ്ങ് ഞങ്ങളുടെ ജീവന്റെ ഉറവിടവും രക്ഷിതാവും അനുതപിക്കുന്നവർക്ക് ആശ്രയവും നിന്നെ അന്വേഷിക്കുന്നവരെ സ്നേഹിക്കുകയും അവരോട് ക്ഷമിക്കുകയും അവരെ ശക്തീകരിക്കുകയും ചെയ്യുന്നതിനാൽ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ത്രിയേക ദൈവം, ഞങ്ങളുടെ രക്ഷയ്ക്കായി കാൽവരി ക്രൂശിൽ അനുഭവിച്ച സഹനത്തിലൂടെ വെളിപ്പെട്ട നിന്റെ സ്നേഹത്തിനായി ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. നിന്റെ ജനങ്ങളായ ഞങ്ങൾ ആത്മാവിൽ നിറഞ്ഞ് പുത്രനായ യേശുക്രിസ്തുവിനെപോലെ നിന്റെ ദൗത്യത്തിൽ വിശ്വസ്തരായി പങ്കെടുത്ത്, നിശ്ശബ്ദമാക്കപ്പെട്ടവർക്ക് ശബ്ദമാകാനും അടിമത്തത്തിലായവരെ വിടുവിക്കുവാനും നീതി യാഥാർഥ്യമാക്കാനും ഞങ്ങളെ ശക്തീകരിക്കണമേ. അനുകമ്പ പൂർണമായ ഞങ്ങളുടെ ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തുവാനും വിമോചനത്തിന്റെ സുവിശേഷം ലോകത്തോട് പ്രസംഗിക്കുവാനും അങ്ങയുടെ സമാധാനത്തിന്റെ ചാലകങ്ങളാക്കി ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 4 ശനി
വിശുദ്ധ ശനി
നിരാശയിൽ പ്രത്യാശ

രാ. യെശ. 53: 4–12 സങ്കീ. 130
1 പത്രൊ. 4: 12–19 മത്താ. 27: 62–66

സർവശക്തനായ ദൈവമേ, പാപത്താലും നിരാശയാലും ഇരുണ്ട ഈ ലോകത്തിൽ, സകലർക്കും രക്ഷ നൽകിയ അങ്ങയുടെ പുത്രന്റെ സഹനത്തിലേക്കും അനുസരണത്തിലേക്കും ഞങ്ങളുടെ മിഴികളെ ഉയർത്തുന്നു. ഞങ്ങളുടെ പ്രലോഭനങ്ങളിൽ മനസ്സിടറുന്നതിനോ ലജ്ജിക്കുന്നതിനോ ഇടയാകാതെ ഞങ്ങളെ ശക്തീകരിക്കേണമേ. കർത്താവിനായി ഞങ്ങൾ നേരിടുന്ന എല്ലാ പ്രതിസന്ധികളുടെ മധ്യത്തിലും നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ ബലപ്പെടുത്തണമേ. കർത്താവായ ക്രിസ്തുവിൽ വെളിപ്പെടുന്ന നിന്റെ മഹത്വത്തിൽ നിത്യമായി ആനന്ദിക്കുന്നതുവരെ, പ്രത്യാശയോടെ കാത്തിരിക്കുവാനും നിന്റെ നീതിയുള്ള ന്യായവിധിയിൽ ആശ്രയിപ്പാനും അചഞ്ചലമായ വിശ്വാസത്തിൽ നിന്നിൽ എപ്പോഴും സമർപ്പിതരായിരിപ്പാനും ഞങ്ങളെ തുണയ്ക്കേണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 5 ഞായർ
ഉയിർപ്പ് ഞായർ
പുനരുത്ഥാനം: മരണത്തിന്റെ മേലുള്ള വിജയം

രാ. യെഹെ. 37: 1–14 സങ്കീ. 49
2 കൊരി. 5: 1–10 മർക്കൊ. 16: 1–11/
യോഹ 20: 1–18

വൈ. ദാനീ. 12: 1–13/റോമ. 6: 1–11

ജീവന്റെയും പുനരുത്ഥാനത്തിന്റെയും ദൈവമേ, പുനരുത്ഥാനംചെയ്ത യേശുക്രിസ്തുവിലൂടെ മരണത്തിന്റെ ചങ്ങലകളെ തകർത്ത് നിത്യമായ പ്രത്യാശയിലേക്ക് ഞങ്ങളെ വിളിച്ചതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഉണങ്ങിയ അസ്ഥികളുടെ താഴ്വരയിലേക്ക് നീ ജീവശ്വാസം ഊതി

യതുപോലെയും കല്ലറയിൽനിന്നും യേശുവിനെ ഉയിർപ്പിച്ചതു പോലെയും ഞങ്ങളുടെമേൽ അങ്ങയുടെ ആത്മാവിനെ അയക്കണമേ. ആത്മാവിനാൽ നിറഞ്ഞ് പുനരുത്ഥാനത്തിന്റെ ജനങ്ങളായി ജീവിക്കുവാനും പ്രത്യാശയിൽ ധൈര്യമുള്ളവരാകുവാനും വിശ്വാസത്തിൽ സ്ഥിരപ്പെടുവാനും സാക്ഷ്യത്തിൽ ആനന്ദിക്കുവാനും ഞങ്ങളെ സഹായിക്കണമേ. കാഴ്ചയാലല്ല വിശ്വാസത്താൽ നിറഞ്ഞ്, ഞങ്ങൾക്കായി അങ്ങ് ഒരുക്കുന്ന നിത്യഭവനത്തെ നോക്കി ജീവിപ്പാൻ ഞങ്ങളെ രൂപപ്പെടുത്തണമേ. മരണത്തിന്റെമേലുള്ള അങ്ങയുടെ വിജയത്തെ ധൈര്യത്തോടും ആർദ്രതയോടും പ്രഘോഷിക്കുവാൻ ഞങ്ങളുടെ മനസ്സുകളെ പുതുക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 12 ഞായർ
ഉയിർപ്പിന് പിമ്പ് ഒന്നാം ഞായർ
എന്റെ കർത്താവും എന്റെ ദൈവവും

രാ. യെശ. 45: 21–25 സങ്കീ. 35: 18–28
ഫിലി. 2: 5–11 യോഹ. 20: 24–29

വൈ. പുറ. 3: 13–18/വെളി. 1: 9–20

സർവശക്തനായ ദൈവമേ, എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് വിളിക്കുന്നതിലൂടെ തന്റെ അചഞ്ചലമായ വിശ്വാസത്തെ പ്രഖ്യാപിച്ച നിന്റെ പ്രിയശിഷ്യനായ തോമസിന്റെ ജീവിതത്തിനായും സാക്ഷ്യത്തിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. നീ ഞങ്ങളിൽ ജനിപ്പിച്ച വിശ്വാസത്താൽ കാഴ്ചകൾക്കും അപ്പുറമായി നിന്നിൽ ആശ്രയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, പുനരുത്ഥാനം ചെയ്ത ക്രിസ്തുവിലുള്ള ആഴമായ വിശ്വാസത്തിൽ നിറയാൻ ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും തുറക്കണമേ. പൂർണഹൃദയത്തോടും ധൈര്യത്തോടും പ്രത്യാശയോടും ഞങ്ങളുടെ ജീവിതത്തിലെ ഏത് അവസ്ഥകളെയും നേരിടുവാനുള്ള ധൈര്യം ഞങ്ങൾക്ക് നൽകണമേ. ഞങ്ങളിലെ സംശയങ്ങളെയും ഭയങ്ങളെയും അവിശ്വാസത്തെയും പുറത്താക്ക

ണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 19 ഞായർ

ഉയിർപ്പിന് പിമ്പ് രണ്ടാം ഞായർ

വന്ന് ഭക്ഷിക്കുക:

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ക്ഷണം

രാ. 1 രാജാ. 19: 1–8 സങ്കീ. 23
അപ്പൊ പ്ര. 27: 27–36 യോഹ. 21: 1–14
വൈ. 2 രാജാ. 4: 38–44/വെളി. 3: 14–22

കാരുണ്യവാനും ഉയിർത്തെഴുന്നേറ്റവനുമായ കർത്താവേ, അങ്ങയുടെ ഉജ്ജ്വല സ്നേഹത്തിന്റെ ആവിഷ്കരണമായും ഞങ്ങളുടെ രക്ഷയുടെ മറുവിലയായും അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിന് നൽകിയതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അങ്ങയുടെ ദൂതൻ ഏലീയാവിനെ അപ്പത്താലും വെള്ളത്താലും ശക്തീകരിച്ചതുപോലെ ഞങ്ങളെയും നിന്റെ ആത്മാവിനാൽ എപ്പോഴും ബലപ്പെടുത്തേണമേ. നിന്റെ വിശുദ്ധമേശയിലെ പങ്കാളിത്തത്തിലൂടെ, നിത്യതയുടെ സമ്പൂർണ ആനന്ദം ഞങ്ങൾ അനുഭവിക്കുന്നതുവരെ, നിന്റെ വിശുദ്ധ നാമത്തിന് മഹത്വം വരുത്തുവാൻ നിന്റെ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ നിരന്തരം ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 25 ശനി

സുവിശേഷകനായ മർക്കൊസ്

ഹോശേ. 6: 1–6 സങ്കീ. 119: 1–8
2 തിമൊ. 4: 1–11 മർക്കൊ. 14: 43–52

സ്നേഹവാനായ ദൈവമേ, സുവിശേഷകനായ വിശുദ്ധ മർക്കൊസിന്റെ ജീവിതത്തിലൂടെയും സാക്ഷ്യത്തിലൂടെയും നിന്റെ വിശുദ്ധസഭയെ ഉത്സാഹിപ്പിച്ചതിനായും ദർശനമുള്ളതാക്കിയതിനായും ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. സുവിശേഷ സത്യത്തിൽ അടിസ്ഥാനപ്പെട്ട് അതിന്റെ വാക്കു

കളോടും പ്രവർത്തനങ്ങളോടും വിശ്വസ്തരായി നിലനിന്ന് നിന്നെ സാക്ഷിക്കുവാൻ ഞങ്ങളെ ബലപ്പെടുത്തണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുമശിഹാമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ഏപ്രിൽ 26 ഞായർ

ഉയിർപ്പിന് പിമ്പ് മൂന്നാം ഞായർ

ഉയിർത്തെഴുന്നേറ്റ കർത്താവ്: സഹസഞ്ചാരി

രാ. പുറ. 33: 12–16 സങ്കീ. 121
അപ്പൊ. പ്ര. 18: 1–11 ലൂക്കൊ. 24: 13–33
വൈ. പുറ. 13: 17–22/വെളി. 14: 1–5

ജീവന്റെയും പുനരുത്ഥാനത്തിന്റെയും ദൈവമേ, അപരിചിതമായ വഴികളിലൂടെ ഞങ്ങൾ യാത്ര ചെയ്യുമ്പോഴും അസ്ഥിരതകളോടും ഞങ്ങളുടെ പരിമിതികളോടും ഞങ്ങൾ എതിരിടുമ്പോഴും അതിരില്ലാത്ത നിന്റെ സ്നേഹത്താൽ ഞങ്ങളിലേക്ക് അവതരിക്കുകയും ഞങ്ങളോടൊപ്പം സഞ്ചരിക്കുകയും നിന്റെ വചനത്താൽ ഞങ്ങളുടെ വഴികളെ പ്രകാശമാക്കുകയും ചെയ്യുന്നതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ മിഴികളെ വിശ്വാസത്തിന്റെ ഗിരികളിലേക്ക് ഉയർത്തുവാനുള്ള ധൈര്യവും നിന്റെ കൃപയിലുള്ള ആശ്രയവും ഹൃദയത്തിന്റെ പരിശുദ്ധിയും ഞങ്ങൾക്ക് നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏകദൈവമായി ജീവിച്ചുവാഴുന്ന ഞങ്ങളുടെ സഹസഞ്ചാരിയായ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 മേയ് 01 വെള്ളി

ലോക തൊഴിലാളി ദിനം

തച്ചനായ യോസേഫ്

ഉൽപ. 1: 26 – 2:3 സങ്കീ. 15
2 തെസ്സ. 3: 6–15 യോഹ. 5: 1–10

കൃപാലുവായ ദൈവമേ, നീയുമായുള്ള ഞങ്ങളുടെ തകർന്ന ബന്ധം പുനഃസ്ഥാപിക്കുന്നതിനായി നിന്റെ പുത്രനും ഞങ്ങ

ളുടെ കർത്താവുമായ യേശുക്രിസ്തു ഈ ഭൂമിയിൽ മനുഷ്യാവതാരം ചെയ്ത യോസേഫിന്റെയും മറിയയുടെയും മകനായി കുടുംബപരമായ ഉത്തരവാദിത്വങ്ങൾ പങ്കിട്ടതിൽകൂടെ മാനുഷിക അധ്വാനങ്ങളും കഷ്ടതകളും അനുഭവിച്ചു. യേശു ഞങ്ങൾക്ക് കാണിച്ചുതന്നതുപൊലെ ചെറുതും വലുതുമായ എല്ലാ പ്രവൃത്തികളിലും വിശ്വസ്തരായിരിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഏകദൈവമായി നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 മേയ് 03 ഞായർ

ഉയിർപ്പിന് പിമ്പ് നാലാം ഞായർ
ക്രിസ്തുവിനോടുകൂടെ വികാരഭരിതമായ സ്നേഹത്തിൽ നടക്കുക

രാ. യിരെ. 31: 1–6 സങ്കീ. 63

എഫെ. 3: 14–19 യോഹ. 21: 15–19

വൈ. യെശ. 54: 1–10/1 യോഹ. 1: 1–10

സ്നേഹാർദ്രവാനായ ദൈവമേ, നിത്യസ്നേഹത്താൽ നീ ഞങ്ങളെ നിന്നിലേക്കാകർഷിച്ച് നിന്റെ കാരുണ്യത്തിന്റെ ആഴവും, വീതിയും, നീളവും ക്രിസ്തുവിൽ വെളിപ്പെടുത്തിയിരിക്കുന്നു. പത്രോസിനെ പരാജയത്തിൽനിന്നും വീണ്ടും നിന്നെ സ്നേഹിക്കുവാനും പിന്തുടരുവാനും വിളിച്ചതുപോലെ ക്രിസ്തുവിനോടുള്ള സമർപ്പണത്തിൽ നടക്കുവാൻ ഞങ്ങളെ പുതുതായി വിളിക്കേണമേ. ദൈവമേ, വരണ്ടുണങ്ങിയ ദേശത്തെന്നതുപോലെ ഞങ്ങൾ നിനക്കായി ദാഹിക്കുന്നു. ക്രൂശോളം പിൻഗമിക്കുവാനും, ശുശ്രൂഷ ചെയ്യുവാനും കൃപയാൽ നിറയുവാനും തക്കവണ്ണം ഞങ്ങളെ സ്നേഹത്തിൽ ഉറപ്പിക്കേണമെന്ന് ഏകദൈവമായ നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമെ, **ആമേൻ.**

2026 മേയ് 06 ബുധൻ

അപ്പൊസ്തലനും സുവിശേഷകനുമായ യോഹന്നാൻ

രാ. പുറ. 33: 18-23 സങ്കീ. 27
1 യോഹ. 1: 1-4 യോഹ. 21: 20-25

സർവശക്തനായ ദൈവമേ, ക്രിസ്തുവിനെക്കുറിച്ചുള്ള വ്യാജ ഉപദേശങ്ങളുടെ മധ്യേ യോഹന്നാൻ അപ്പൊസ്തലനിലൂടെ നീ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സത്യം സ്ഥിരീകരിച്ച് നിന്റെ പുത്രനായ യേശുക്രിസ്തു തന്നെ വഴിയും, വെളിച്ചവും ജീവനുമെന്ന് തിരിച്ചറിഞ്ഞ് ക്രിസ്തുവാകുന്ന സത്യത്തിൽ ഉറച്ചുനിൽക്കുവാൻ കൃപനൽകണമെന്ന് ഏകദൈവമായ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത് കേൾക്കേണമേ, **ആമേൻ.**

2026 മേയ് 10 ഞായർ

ഉയിർപ്പിന് പിമ്പ് അഞ്ചാം ഞായർ

ഉത്ഥിതനായ ക്രിസ്തു: നിത്യസാന്നിധ്യത്തിന്റെ ഉറപ്പ്

രാ. യെശ. 41: 8-13 സങ്കീ. 110
എബ്രാ. 13: 1-8 മത്താ. 28: 16-20
വൈ. ഉൽപ്പ. 16: 7-13/റോമ. 8: 31-39

അചഞ്ചലമായ സ്നേഹവും ഉറപ്പുള്ള വാഗ്ദാനവും പകരുന്ന സർവശക്തനായ ദൈവമേ, ഞാൻ എപ്പോഴും നിങ്ങളോടൊപ്പമുണ്ട് എന്നു പറഞ്ഞ ഉയിർത്തെഴുന്നേറ്റ കർത്താവിനായി ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. സന്തോഷവേളകളിലും പരീക്ഷണനാളുകളിലും നിന്റെ സ്ഥിരമായ സാന്നിധ്യം ഞങ്ങളുടെ ശക്തിയും സമാധാനവും ആയിരിക്കട്ടെ. വിശ്വാസത്തിൽ മുന്നേറുവാനുള്ള ജ്ഞാനവും, സ്നേഹത്തിൽ നടക്കുവാനുള്ള ധൈര്യവും, ഇന്നലെയും ഇന്നും എന്നും മാറ്റമില്ലാത്തവനായ യേശുക്രിസ്തുവിൽ ആശ്രയിക്കുവാനുള്ള കൃപയും ഞങ്ങൾക്ക് നൽകണമെന്ന് ഏകദൈവമായ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

അല്ലെങ്കിൽ

2026 മേയ് 10 ഞായർ

കമ്യൂണിക്കേഷൻ ഞായർ

സുവിശേഷ പ്രഖ്യാപനം: സാധ്യമായ എല്ലാ വഴികളിലൂടെയും

രാ. യെശ. 52: 7–15 സങ്കീ. 96

1 കൊരി. 9: 19–23 മർക്കൊ. 16: 14–20

വൈ. പുറ 4: 10–17/എഫെ. 4: 20–25

വാക്കിനാൽ ജീവൻ പകർന്നവനും, വചനത്തിലൂടെയും ആത്മാവിലൂടെയും സത്യത്തെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നവനായ, സകല ആശയവിനിമയങ്ങളുടെയും ദൈവമേ, ദരിദ്രരോട് സുവിശേഷം പ്രഖ്യാപിക്കുകയും ഭൂമിയുടെ അതിരുകൾ വരേയും ആ സന്ദേശം എത്തിക്കുവാൻ ഞങ്ങളെ നിയോഗിക്കുകയും ചെയ്ത ജീവനുള്ള വചനമായ യേശുക്രിസ്തുവിൽക്കൂടെ നിന്റെ സ്നേഹത്തെ പൂർണമായി ഞങ്ങളെ അറിയിച്ചതിന് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സംസ്കാരത്തിന്റെയും ഭാഷയുടെയും സാഹചര്യത്തിന്റെയും അതിരുകളെ മിറകടന്ന് കൃപയുടെ സന്ദേശവാഹകരാക്കാൻ ഞങ്ങളെ വിളിച്ചതിന് ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു. വാക്കിലും പ്രവൃത്തിയിലും നിശ്ശബ്ദതയിലും സംഗീതത്തിലും സുവിശേഷമറിയിക്കുന്നവരായും, കൂടെ ഇരിക്കുന്നവരായും അപ്രകാരം എല്ലാ മുഖാന്തരങ്ങളിലൂടെയും നിന്നെക്കുറിച്ചുള്ള സുവാർത്ത പങ്കുവയ്ക്കാൻ ജ്ഞാനവും ധൈര്യവും ഞങ്ങൾക്ക് നൽകേണമേ. കർത്താവേ നിന്റെ സത്യം വ്യക്തതയോടും വിനയത്തോടും കാരുണ്യത്തോടുംകൂടി പ്രതിഫലിക്കാനും, നിന്റെ അനുരഞ്ജന സ്നേഹത്തെ വിശ്വസ്തമായി ആശയവിനിമയം ചെയ്യുവാനും കഴിയുന്നവരാകുവാൻ തക്കവണ്ണം ഞങ്ങളുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തണമെന്ന് ഏകദൈവമായ നിന്നോടും, പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ജീവിച്ചു വാഴുന്ന വചനം ജഡമായ ക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമെ, **ആമേൻ.**

2026 മേയ് 14 വ്യാഴം
സ്വർഗാരോഹണ നാൾ
സ്വർഗാരോഹണം ചെയ്ത ക്രിസ്തു: കാഴ്ചയിൽ മറഞ്ഞിരിക്കുന്നെങ്കിലും നിത്യനായവൻ

2 രാജാ. 2: 9–14 സങ്കീ. 47
അപ്പൊ. പ്ര. 1: 1–11 ലൂക്കൊ. 24: 44–53

കൃപയുള്ള ദൈവമേ, പുനരുത്ഥാനവും ജീവനുമായ നിന്റെ പുത്രനെ ഓർത്ത് ഞങ്ങൾ നിനക്ക് നന്ദി പറയുന്നു. ഞങ്ങളുടെ വിശ്വാസത്തിലുറച്ചു നിൽക്കാൻ ഞങ്ങളെ ധൈര്യപ്പെടുത്തേണമേ. സ്നേഹത്താലും സേവനങ്ങളാലും അതിരുകളെ ഭേദിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമെ. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഞങ്ങളുടെ ജീവിതത്തിന്റെ അപരിചിതമായ പാതകളിൽ തിരിച്ചറിയുവാനും ഞങ്ങളെ പ്രബുദ്ധരാക്കണമെന്ന് ഏകദൈവമായ നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നേക്കും ജീവിച്ചുവാഴുന്ന, മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് നിത്യജീവൻ ഉറപ്പുനൽകുന്ന ഞങ്ങളുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 മേയ് 17 ഞായർ
ഉയിർപ്പിന് പിമ്പ് ആറാം ഞായർ
പരിശുദ്ധാത്മാവ്:
അന്തർലീനമായ സാന്നിധ്യത്തിന്റെ വാഗ്ദാനം

രാ. യെശ. 59: 14–21 സങ്കീ. 143
എബ്രാ. 10: 8–18 യോഹ. 14: 15–21
വൈ. യെശ 44: 1–5/1 കൊരി. 3: 10–17

വാഗ്ദാനത്തിന്റെയും ജീവന്റെയും ദൈവമേ, ഞങ്ങളുടെ ഉള്ളിൽ വസിക്കുകയും എല്ലാ ദിവസവും ഞങ്ങളെ നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ദാനത്തിന് ഞങ്ങൾ നന്ദി പറയുന്നു. സത്യം മറയ്ക്കപ്പെടുകയും നീതി നിശ്ശബ്ദമാക്കപ്പെടുകയും ചെയ്യുമ്പോൾ പ്രത്യാശയിലും സ്നേഹത്തിലും ഉറച്ചു നിൽക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമേ. യഥാർഥ അനു

സരണത്തിലും സ്വാതന്ത്ര്യത്തിലും ഞങ്ങൾ നടക്കേണ്ടതിന് നിന്റെ കല്പനകളെ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെടുകയും ഞങ്ങളുടെ അന്തരാത്മാവിനെ പുതുക്കുകയും ചെയ്യേണമേ. സന്തോഷത്തോടെ നിന്നെ സേവിപ്പാൻ ഞങ്ങളുടെ ആത്മാക്കളെ പുതുക്കുകയും ഞങ്ങളുടെ വരൾച്ചകളിലേക്ക് നിന്റെ ശ്വാസത്തെ പകരുകയും ചെയ്യുക. വ്യക്തികളായും വിശ്വാസസമൂഹമായും ഞങ്ങൾ ജീവനുള്ള ദൈവാലയങ്ങളാണെന്ന് ഞങ്ങളെ ഓർമിപ്പിക്കേണമേ. നിന്റെ കല്പനകളെ പാലിക്കുവാനും നിന്നെ ആഴമായി സ്നേഹിക്കുവാനും നിന്റെ നിത്യം വസിക്കുന്ന സാന്നിധ്യത്തിൽ ആശ്രയിക്കുവാനും ഞങ്ങളെ പഠിപ്പിക്കേണമേ. ഞങ്ങൾ ബലഹീനരായിരിക്കുമ്പോൾ ഞങ്ങളെ കേട്ടിട്ട് നിന്റെ ആത്മാവിനാൽ ഞങ്ങളെ സമാധാനത്തിന്റെയും വിശ്വസ്തതയുടെയും പാതകളിലേക്ക് നയിക്കണമെന്നും നിന്റെ വാഗ്ദാനത്തിന്റെയും സാന്നിധ്യത്തിന്റെയും അടയാളങ്ങളായി ഞങ്ങളെ മാറ്റേണമെന്നും നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലൂടെ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 മേയ് 24 ഞായർ

പെന്തെക്കൊസ്ത് ഞായർ

പെന്തെക്കൊസ്ത്: ശബ്ദമുഖരിതമായ ലോകത്ത് ദൈവസ്വരത്തിനായി കാതോർക്കുക

രാ. 1 രാജാ. 19: 11–18 സങ്കീ. 29
അപ്പൊ. പ്ര. 2: 1–13 യോഹ. 20: 19–23
വൈ. ഉൽപ്പ 1: 1–5/അപ്പൊ. പ്ര. 13: 1–12

ദിവ്യജ്ഞാനത്തിന്റെ ദൈവമേ, ശബ്ദവും ഭയവും ആശയക്കുഴപ്പവും നിറഞ്ഞ ഒരു ലോകത്തിൽ ഞങ്ങൾ നിന്റെ സ്വരൂപവും ഇടമുറിയാത്ത സാന്നിധ്യവും തേടുന്നു. ഏലീയാവിനോട് മൃദുസ്വരമായി സംസാരിച്ചതുപോലെയും പെന്തെക്കൊസ്ത് നാളിൽ ശിഷ്യരോട് കാറ്റിലൂടെയും, അഗ്നിജ്വാലകളിലൂടെയും സംസാരിച്ചതുപോലെയും ഞങ്ങളുടെ ഇടയിൽ സഞ്ചരിക്കു

കയും സംസാരിക്കുകയും ചെയ്യുന്ന നിന്റെ ആത്മാവിനെ തിരിച്ചറിയാൻ ഞങ്ങളെ സഹായിക്കേണമേ. അനിശ്ചിതത്വത്തിന്റെ നെടുവീർപ്പുകൾക്കിടയിൽ നിന്റെ ശബ്ദം കേൾക്കാൻ ഞങ്ങൾക്ക് കൃപ നൽകേണമേ. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു എന്നു പറഞ്ഞ ക്രിസ്തു നൽകുന്ന സമാധാനം വഹിച്ചുകൊണ്ട് പരസ്പരം സംരക്ഷിക്കുവാനും, വിശ്വസ്തതയോടെ നടക്കുവാനും ഞങ്ങളെ ശക്തിപ്പെടുത്തേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 മേയ് 31 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഒന്നാം ഞായർ

ത്രിത്വ ഞായർ

ത്രിത്വം: സ്നേഹത്തിന്റെ ദിവ്യകൂട്ടായ്മ

രാ. യെശ. 48: 12–17 സങ്കീ. 33
എഫെ. 1: 3–14 യോഹ. 3: 8–16

വൈ. സംഖ്യാ. 6: 22–27/റോമ. 1: 1–10

ത്രിയേക ദൈവമേ, ഞങ്ങളെ സൃഷ്ടിക്കുകയും, നിലനിർത്തുകയും സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്ന അനന്തമായ സ്നേഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. ത്രിയേക ദൈവമായി നീ നിന്നെത്തന്നെ ഞങ്ങൾക്ക് വെളിപ്പെടുത്തി നിന്റെ ജനത്തിന്റെ മധ്യത്തിൽ തുടരുന്ന സ്നേഹത്തിന്റെ മഹത്തായ പ്രവൃത്തികൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ക്രിസ്തുവിൽ നീ ഞങ്ങളെ തിരഞ്ഞെടുത്തതുപോലെ നിന്റെ വീണ്ടെടുപ്പും പാപമോചനവും പുത്രത്വത്തിന്റെ അവകാശവും പ്രഖ്യാപിക്കുവാൻ ഞങ്ങൾക്ക് ധൈര്യം നൽകേണമേ. ദൈവേഷ്ടത്തിൽ നടക്കുവാനും, ദൈവശക്തിയുടെ മഹത്വം അറിയുവാനും പരിശുദ്ധാത്മാവ് ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ. ഞങ്ങളുടെ വ്യക്തിപരവും സമൂഹപരവുമായ ബന്ധങ്ങളിൽ ത്രിത്വകൂട്ടായ്മയെ പ്രതിഫലിപ്പിക്കുവാൻ തക്കവണ്ണം

ദിവ്യസ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ജൂൺ 7 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഒന്നാം ഞായർ

വിദ്യാർഥി ഞായർ

യേശു: ആത്യന്തിക സ്വാധീനകൻ

രാ. 2 ദിന. 20: 13-19 സങ്കീ. 89: 19-37
അപ്പൊ. പ്ര. 18: 24-28 യോഹ. 8: 12-20
വൈ. എസ്ഥേർ. 4: 12-17/ അപ്പൊ. പ്ര. 2: 36-41

സത്യത്തിന്റെയും രൂപാന്തരത്തിന്റെയും ദൈവമേ, അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിനെ ലോകത്തിന്റെ വെളിച്ചവും യഥാർഥ സ്വാധീനകനുമായി അയച്ചതിന് ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. യേശുവാകുന്ന വെളിച്ചത്തിൽ നടന്ന് സത്യം, സ്നേഹം, കൃപ എന്നിവയാൽ ലോകത്തെ രൂപപ്പെടുത്തുവാൻ വിളിക്കുന്ന ദൈവമേ, അങ്ങയുടെ ഉടമ്പടി വാഴ്ചയോടുള്ള വിശ്വസ്തതയിൽ ജീവിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമെ. ഞങ്ങളുടെ സ്വന്ത ശക്തിയാലല്ല, ഞങ്ങളെ നയിക്കുന്ന ദൈവിക ശക്തിയിൽ തന്നെ ആശ്രയിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. ക്രിസ്തുവിന്റെ മനസ്സ് ഞങ്ങളിൽ രൂപാന്തരപ്പെടുത്തി, അങ്ങയുടെ കൃപയിൽ വേരൂന്നി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് യേശുവിന്റെ സാന്നിധ്യം ഞങ്ങളുടെ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിപ്പിക്കാൻ സഹായിക്കേണമേ. യേശുവിന്റെ സാന്നിധ്യം ഞങ്ങളുടെ ചുറ്റും മാത്രമല്ല ഓരോ ദിവസവും ഞങ്ങളിലൂടെ പ്രകാശിക്കുന്നതിന് ഞങ്ങളുടെ ഹൃദയത്തെ പുതുക്കുകയും സ്വഭാവത്തെ ശുദ്ധീകരിക്കുകയും ഭയാശങ്കകളെ ശാന്തമാക്കുകയും ചെയ്യണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 11 വ്യാഴം

അപ്പൊസ്തലനായ ബർന്നബാസ്

ഇയ്യോ. 29: 7-16 സങ്കീ. 34

അപ്പൊ. പ്ര. 11:19-26,13:1-3 മത്താ. 5: 13-16

സർവശക്തനായ ദൈവമേ അങ്ങയുടെ ദാസനായ ബർന്നബാസിന്റെ മാതൃക പിന്തുടരുവാൻ ഞങ്ങളെ സഹായിക്കേണമേ. ദുഃഖിതരെയും ഒറ്റപ്പെട്ടവരെയും ഹൃദയം തകർന്നവരെയും ആശ്വസിപ്പിക്കുവാനും ഞങ്ങൾക്കുള്ളതൊക്കെയും നിന്റെയും സമസൃഷ്ടികളുടെയും സേവനത്തിന് ഉപയോഗിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. നൽകുന്നതിലൂടെ സമൃദ്ധിയായി ലഭിക്കുന്നു എന്ന സത്യത്തെ സദാ ഓർക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ. നവജീവിതത്തിന്റെ സുവിശേഷം ഘോഷിക്കുവാനും ജീവിതത്തിൽ പുതിയ ആരംഭം തേടുന്ന എല്ലാവർക്കുമൊപ്പം നിൽക്കാനും ഞങ്ങളെ ബലപ്പെടുത്തണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി കാലവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശു ക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 14 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് രണ്ടാം ഞായർ

പരിസ്ഥിതി ഞായർ

സൃഷ്ടികൾ സംസാരിക്കുന്നു: പ്രകൃതിയിലൂടെ ദൈവത്തിന്റെ ശബ്ദം ശ്രദ്ധയോടെ കേൾക്കുന്നു.

രാ. ഇയ്യോ. 12: 7-12 സങ്കീ. 19

റോമ. 8: 18-25 ലൂക്കൊ. 12: 24-34

വൈ. പുറ. 19: 16-19/ അപ്പൊ. പ്ര. 14: 11-18

സർവചരാചരങ്ങളുടെയും സൃഷ്ടിതാവും പരിപാലകനുമായ ദൈവമേ, മനുഷ്യന്റെ സ്വാർഥതമൂലം പ്രകൃതി നിലവിളിക്കുവാൻ പോലും സാധിക്കാതെ ഞരങ്ങിക്കൊണ്ടിരിക്കുന്നു. ദൈവഹിതപ്രകാരം പ്രകൃതിയെ യഥാസ്ഥാനപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. പ്രകൃതിയിലുള്ള സകലവസ്തുക്കളും ദൈവത്തെ മഹത്വപ്പെടുത്തുന്നു എന്നും പ്രകൃതിയെ

വ്രണപ്പെടുത്തുന്ന ഓരോ പ്രവർത്തനവും മനുഷ്യന്റെ നില നിൽപ്പ് അപകടത്തിലാക്കുമെന്നും തിരിച്ചറിയുവാനുള്ള ദൈവിക പരിജ്ഞാനം ഞങ്ങൾക്ക് നൽകണമേ. ഓരോ സൃഷ്ടിയും ദൈവത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞ് വിവിധ മാധ്യമങ്ങളിലൂടെ ഞങ്ങളോട് സംസാരിക്കുമ്പോൾ ആ ശബ്ദത്തോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 21 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് മൂന്നാം ഞായർ

ആരാധന: ദൈവസന്നിധിയിൽ ദൈവോദ്ദേശ്യത്തിനായി

രാ. യെശ. 6: 1-8 സങ്കീ. 100
അപ്പൊ. പ്ര. 2: 42-47 മർക്കൊ. 12: 28-34
വൈ. 1 ദിന. 16: 23-36/ ഫിലി. 2: 12-18

മഹോന്നതനും സർവവ്യാപിയുമായ ദൈവമേ, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിലൂടെ ഞങ്ങളുടെ ജീവിതത്തെ നയിക്കുന്നതിന് നന്ദി അർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധ സാന്നിധ്യത്തെ മനസ്സിലാക്കി-ഞങ്ങൾക്കു വേണ്ടിയല്ല ലോകത്തിലെ നിന്റെ ഉദ്ദേശ്യത്തിനായി ഞങ്ങളെ വിളിച്ചിരിക്കുന്നു എന്ന് ഗ്രഹിച്ച് പൂർണഹൃദയത്തോടും ആത്മാവോടുംകൂടെ നിന്നെ ആരാധിക്കുന്നതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ സന്തോഷവും അധരങ്ങളിൽ ആനന്ദഗാനങ്ങളാലും നിറയ്ക്കേണമേ. ഞങ്ങളുടെ അയൽക്കാരെ സ്നേഹിക്കുന്നത് ആരാധനയായും കൂടാതെ അങ്ങയുടെ കൃപ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിപ്പിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. ശുദ്ധീകരിക്കുന്ന കരുണയാൽ ഞങ്ങളുടെ ലംഘനം നീക്കി പാപം ക്ഷമിച്ച് നിന്നോടും സമസൃഷ്ടികളോടും ചേർന്ന് പുതുക്കപ്പെട്ട കൂട്ടായ്മയിൽ നടക്കാൻ ഞങ്ങളെ സഹായിക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി എന്നേക്കും വാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 24 ബുധൻ

യോഹന്നാൻ സ്നാപകൻ

രാ. മലാ. 3:1-5 സങ്കീ. 3: 1-6
വെളി. 3: 14-22 യോഹ. 3: 22-36

ഞങ്ങളുടെ ദൈവമേ, അങ്ങയുടെ പുത്രന്റെ വരവിന് വഴിയൊരുക്കാൻ യോഹന്നാൻ സ്നാപകനെ അയച്ചുവല്ലോ. ഞങ്ങൾക്കും നിന്റെ ഉദ്ദേശ്യവും ഇച്ഛയും ഗ്രഹിക്കുന്നതിനുള്ള ജ്ഞാനവും ആർജവവും നൽകേണമേ. നിന്റെ ഉപദേശ പ്രകാരം മാനസാന്തരപ്പെട്ട് നിരന്തരം സത്യം സംസാരിക്കുന്നതിലൂടെ നിന്റെ മാതൃക പിന്തുടരുവാനും സത്യത്തിനുവേണ്ടി ക്ഷമയോടെ സഹിക്കാനും യോഹന്നാനെപ്പോലെ ഞങ്ങളേയും പഠിപ്പിക്കേണമേ. ശാന്തിയും നീതിയും നിറഞ്ഞ രാജ്യം സ്ഥാപിക്കുവാൻ മഹത്വത്തോടും ശക്തിയോടുംകൂടെ വരുന്ന ക്രിസ്തുവിന് വഴിയൊരുക്കുവാൻ ഞങ്ങളേയും യോഗ്യരാക്കേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 28 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് നാലാം ഞായർ

ശിഷ്യത്വം: വന്നു കാൺമിൻ, പോയി പറയുവിൻ

രാ. സെഖ. 8: 18-23 സങ്കീ. 66
റോമ. 10: 9-17 യോഹ. 1: 39-42
വൈ. മീഖാ. 4: 1-5/ 2 തിമൊ. 2:1-13

സത്യത്തിന്റെയും സമാധാനത്തിന്റെയും ദൈവമേ, യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷാപ്രവർത്തനത്തിനും എല്ലാ ജനതയോടും ആ സാക്ഷ്യം അറിയിക്കുന്നതിന് ഞങ്ങളെ ലോകത്തിൽ നിയോഗിച്ചതിനും നിനക്ക് സ്തുതിയും നന്ദിയും അർപ്പിക്കുന്നു. ശിഷ്യത്വയാത്രയിൽ യേശുകർത്താവാകുന്നു എന്ന സുവാർത്ത എല്ലാവരോടും പ്രഘോഷിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. വിശ്വാസത്തിൽ നടന്ന് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അങ്ങയുടെ വചനം പങ്കുവച്ച് ക്രിസ്തുവിന്റെ ഉപദേശങ്ങൾ ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് പിതാവിനോടും

പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 29 തിങ്കൾ

അപ്പൊസ്തലനും രക്തസാക്ഷിയുമായ പത്രൊസ്

രാ. യിരെ. 16: 16–21 സങ്കീ. 18: 30–36
2 പത്രൊ. 3: 14–18 മത്താ. 16: 13–19

കൃപാലുവായ ദൈവമേ, നിന്റെ പ്രചോദനത്താൽ അപ്പൊസ്തലനായ പത്രൊസ് യേശുവിനെ ക്രിസ്തുവും ദൈവപുത്രനുമായി പ്രഖ്യാപിച്ചുവല്ലോ. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സഭ നിലനിന്ന് ഏകമനസ്സോടും ഹൃദയത്തോടും കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ സാക്ഷിക്കാൻ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂൺ 30 ചൊവ്വ

പൗലൊസും പന്ത്രണ്ട് അപ്പൊസ്തലന്മാരും

രാ. യിരെ. 23:1–4 സങ്കീ. 2
ഗലാ. 2: 1–10 മത്താ. 20: 25–28

ദൈവമേ, അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ, യേശുക്രിസ്തു എന്ന മൂലക്കല്ലിന്മേൽ നീ സഭ പണിതുവല്ലോ. അവരുടെ ഉപദേശത്താൽ ആത്മാവിനാൽ ഐക്യപ്പെട്ട് എല്ലാ വിശുദ്ധന്മാരോടുംകൂടെ നിനക്ക് പ്രസാദകരമായ പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി എന്നേക്കും ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂലൈ 3 വെള്ളി

ഇന്ത്യയുടെ അപ്പൊസ്തലനായ തോമാസ്

രാ. യെശ. 52: 7–15 സങ്കീ. 29
2 തിമൊ. 3: 10–17 യോഹ. 20: 24–29

ഞങ്ങളുടെ വിശ്വാസത്തെ ഉറപ്പിക്കുവാൻ വചനത്താലും കാഴ്ചയാലും ഉറപ്പ് ലഭിക്കുന്നതുവരെയും നിന്റെ പുത്രനായ

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സംശയിക്കുവാൻ നിന്റെ വിശുദ്ധ അപ്പൊസ്തലനായ തോമാസിനെ അനുവദിച്ച സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ പുത്രന്റെ ഉയിർപ്പ് കാണാത്തവരെങ്കിലും അതിൽ വിശ്വസിക്കുന്നവരായിരിക്കുവാൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ സദാകാലവും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം കൃപ തരേണമേ, **ആമെൻ.**

2026 ജൂലൈ 5 ഞായർ

പെന്തക്കൊസ്തിനു പിമ്പ് അഞ്ചാം ഞായർ

കാര്യവിചാരകത്വ ഞായർ

തൊഴിലധിഷ്ഠിത ആരാധന:

ഉദ്യോഗത്താൽ ദൈവത്തെ ആദരിക്കുക

രാ. പുറ. 31: 1–11 സങ്കീ. 104: 1–24

കൊലൊ. 3: 22–25 ലൂക്കൊ. 17: 7–10

വൈ. സദൃ. 22: 16–29/ 1 കൊരി. 10: 31–33

സ്രഷ്ടാവും ദാതാവുമായ ദൈവമേ, ഭൂമിയിലെ നിന്റെ വേലതികയ്ക്കുവാൻ ഞങ്ങളെ നിന്റെ സ്നേഹത്താലും ജ്ഞാനത്താലും നൈപുണ്യത്താലും നിറയ്ക്കുന്നതിനാൽ ഞങ്ങൾ നന്ദികരേറ്റുന്നു. ദൈവത്തിന്റെ ഹിതം സത്യസന്ധമായി നിറവേറ്റിയ ഞങ്ങളുടെ രക്ഷിതാവായ യേശുക്രിസ്തുവിനെ പിന്തുടർന്ന് വിശ്വസ്തതയോടെ വേലചെയ്യുവാനും ഞങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും അങ്ങയെ മഹത്വപ്പെടുത്തുവാനും കൃപ തരേണമേ. വിവേകത്തോടെ പ്രവർത്തിക്കുവാനും പരസ്പരം സേവിക്കുവാനും ദൈവനാമത്തെ മഹത്വപ്പെടുത്തുവാനും അവിടുത്തെ ആത്മാവിനെ ഞങ്ങളുടെമേൽ പകരണമെന്ന് അങ്ങയോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂലൈ 12 ഞായർ
പെന്തെക്കൊസ്തിന് പിമ്പ് ആറാം ഞായർ
ദൈവശാസ്ത്ര വിദ്യാഭ്യാസ ഞായർ
ദൈവശാസ്ത്ര പഠനം:
പഠിക്കുന്ന സമൂഹമായി സഭയെ രൂപപ്പെടുത്തുക

രാ. നെഹെ. 8: 1–12 സങ്കീ. 1
1 കൊരി. 14: 20–23 മത്താ. 13: 16–23
വൈ. സദൃ. 1: 1–9/ എഫെ. 4: 11–16

ഞങ്ങളെ ഏറ്റവുമധികമായി സ്നേഹിക്കുന്ന ദൈവമേ, ദൈവിക ദാനമായ ദൈവശാസ്ത്ര വിദ്യാഭ്യാസത്തിലൂടെ നിന്റെ നടത്തിപ്പിനായി ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കുന്ന ഈ ദിവസത്തിൽ ഞങ്ങൾ നിനക്കു നന്ദിയും സ്തോത്രവുമർപ്പിക്കുന്നു. നിന്നെ അറിയുന്നതിലൂടെ നിന്റെ ദിവ്യോദ്ദേശ്യത്തിനുള്ളിൽ ഞങ്ങളെതന്നെ പുതിയതായി കണ്ടെത്തുന്നതിന് അങ്ങയുടെ രഹസ്യാത്മക സ്വഭാവത്തെ കൂടുതൽ വെളിപ്പെടുത്തേണമേ. നിന്റെ ജീവനുള്ള വചനത്താൽ എപ്പോഴും രൂപാന്തരപ്പെടുന്ന സഭയാകേണ്ടതിന് ദൈവജനത്തിന്റെ വൈവിധ്യമാർന്നതും പങ്കാളിത്തമുള്ളതുമായ അനുഭവങ്ങളെ ആഴമായി ശ്രദ്ധിക്കേണ്ടതിനും, വിശ്വസ്തതയോടെ ചോദ്യം ചെയ്യേണ്ടതിനും, ബുദ്ധിപൂർവം തിരിച്ചറിയേണ്ടതിനും, അപ്രകാരം സഭയഥാർഥ അറിവ് നേടുന്ന സമൂഹമാകേണ്ടതിനും പഠിപ്പിക്കേണമേ. നിന്റെ കൃപയുടെ സാക്ഷ്യം വഹിക്കുന്ന സമൂഹമാകേണ്ടതിന് നിന്റെ സത്യത്തിൽ ഞങ്ങളെ ഉറപ്പിക്കുകയും, ആത്മാവിനാൽ നയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യേണമെ. വിനയത്തോടും ധീരതയോടും, പരിപോഷിപ്പിക്കപ്പെടുന്ന മനസ്സും ഹൃദയവുമായി ദൈവശാസ്ത്ര അധ്യാപകരെയും വിദ്യാർഥികളെയും വിശുദ്ധ വിളിയിൽ മുമ്പോട്ടുപോകുവാനും ക്രിസ്തുവിന്റെ പൂർണതയിലേക്ക് വളരുവാനും ശക്തീകരിക്കണമേ. നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നെന്നേക്കും ജീവിച്ചുവാഴുന്നവനായ യേശുക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂലൈ 19 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് എഴാം ഞായർ

പട്ടത്വ ശുശ്രൂഷ:

പെരുമയ്ക്കായല്ല, ശുശ്രൂഷയ്ക്കായുള്ള വിളി

രാ. യിരെ. 1: 4–10 സങ്കീ. 132
1 പത്രൊ. 5: 1–4 മത്താ. 20: 20–28
വൈ. പുറ. 29: 1–9/ ഫിലി. 2: 1–11

സകലവും അറിയുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ഞങ്ങളുടെ മുഖ്യ ഇടയനായ ദൈവമേ, പട്ടത്വശുശ്രൂഷയ്ക്കായും അങ്ങയുടെ ദാസരുടെമേൽ ചൊരിയുന്ന പ്രവചന വരത്തിനായും ഞങ്ങൾ നിനക്കു നന്ദി കരേറ്റുന്നു. അങ്ങയുടെ ദാസർക്ക് രക്ഷിതാവായ യേശുക്രിസ്തുവിന്റെ സ്നേഹവും ദയയും ലഭിക്കേണ്ടതിന് ഒരു ദാസഹൃദയം അവർക്ക് നൽകി അനുഗ്രഹിക്കേണമെ. ചുറ്റുമുള്ള തിന്മയെ നശിപ്പിച്ച് ദൈവരാജ്യം പടുത്തുയർത്തേണ്ടതിന് അവരെ രൂപാന്തരപ്പെടുത്തേണമെ. നിർബന്ധത്താലോ, ദുരാദായത്തിനൊ അല്ല സമർപ്പണത്തോടും മനസ്സൊരുക്കത്തോടും അത്യുത്സാഹത്തോടും മാതൃകയുള്ളവരായി നിന്നെ സേവിക്കുക്കാൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇപ്പോഴും എന്നേക്കും ജീവിച്ചു വാഴുന്നവനായ ഞങ്ങളുടെ ദാസയജമാനനായ യേശുക്രിസ്തു മുഖാന്തരം നിന്റെ ദാസരെ ശക്തീകരിക്കേണമേ, **ആമേൻ.**

2026 ജൂലൈ 22 ബുധൻ

മഗ്ദലക്കാരി മറിയ

രാ. സെഫ. 3: 14–20 സങ്കീ. 116: 1–16
2 യോഹ. 1: 1–9 യോഹ. 20: 11–18

മഗ്ദലക്കാരി മറിയയെ ശാരീരികമായും മാനസികമായും പുതുക്കുകയും അങ്ങയുടെ അനുഗ്രഹിക്കപ്പെട്ട പുത്രന്റെ ഉയിർപ്പിന് ആദ്യസാക്ഷിയാക്കുകയും ചെയ്ത സർവശക്തനായ ദൈവമേ, അങ്ങയെ യഥാർഥ ഭക്തിയോടെ എപ്പോഴും സേവിക്കേണ്ടതിന് അവിടുത്തെ കരുണയാലും കൃപയാലും ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കുകയും ഞങ്ങളെ പുതുക്കുകയും

ചെയ്യണമെന്ന് അങ്ങയോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇപ്പോഴും എന്നെന്നേക്കും ജീവിച്ചുവാഴുന്ന ഉയിർത്തെഴുന്നേറ്റ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം തന്നെ **ആമേൻ.**

2026 ജൂലൈ 25 ശനി

മഹായിടവക ദിനം

അപ്പൊസ്തലനും രക്തസാക്ഷിയുമായ യാക്കോബ്

യിരെ. 26: 10–15 സങ്കീ. 16

അപ്പൊ. പ്ര. 11:27–12:3 മർക്കൊ. 10: 35–45

കാരുണ്യവാനായ ദൈവമേ, അങ്ങയുടെ വിശുദ്ധ യാക്കോബ് അപ്പൊസ്തലൻ തന്റെ പിതാവിനെയും തനിക്കുള്ള സകലത്തെയും ഉപേക്ഷിച്ച് അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ വിളി അനുസരിച്ചത് പോലെ ഞങ്ങളും എല്ലാ സ്വാർഥ ആഗ്രഹങ്ങളും ഉപേക്ഷിച്ച് അവിടുന്ന് ഞങ്ങൾക്ക് ചെയ്യുവാൻ നൽകിയ വേലയെ നിവർത്തിക്കുവാൻ എപ്പോഴും ഒരുങ്ങിയിരിക്കേണ്ടതിന് അങ്ങയോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നെന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ജൂലൈ 26 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് എട്ടാം ഞായർ

വിവാഹം: ഐക്യത്തിന്റെയും പങ്കാളിത്തത്തിന്റെയും ആഘോഷം

രാ. സഭാ. പ്ര. 4: 9–12 സങ്കീ. 128

എഫെ. 5: 21–33 മത്താ. 19: 4–6

വൈ. ഉൽപ. 1: 26–31/ 1 കൊരി. 13: 1–13

മനുഷ്യബന്ധത്തിന്റെയും ഉടമ്പടി സ്നേഹത്തിന്റെയും സ്രഷ്ടാവായ സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ സ്വരൂപത്തിൽ ഞങ്ങളെ സൃഷ്ടിച്ചതിനായും വിവാഹത്തെ അങ്ങയുടെ വിശ്വസ്തതയുടെ പ്രതിഛായയും ക്രിസ്തുവുമായുള്ള സഭയുടെ ഐക്യത്തിന്റെ മർമ്മമായും സ്ഥാപിച്ചതിനാ

യും നിനക്കു സ്തോത്രം അർപ്പിക്കുന്നു. ഈ വിശുദ്ധ ബന്ധത്തിൽ യോജിച്ചിരിക്കുന്ന എല്ലാവർക്കും അങ്ങയുടെ കൃപ പകരേണമെ. പരസ്പര വിധേയത്വത്തിനുള്ള ശക്തിയും, ത്യാഗപരമായ സ്നേഹത്തിനുള്ള ധൈര്യവും, നിലനിൽക്കുന്ന ഐക്യത്തിനായുള്ള സ്ഥിരതയും എല്ലാക്കാലത്തും അവർക്കു നൽകേണമേ. വിഭാഗീയതയിൽനിന്നുള്ള വിടുതലും സ്നേഹം വ്രണപ്പെട്ടിരിക്കുന്നിടത്തു സൗഖ്യവും കൊണ്ടുവരേണമേ. ക്രിസ്തുവിന്റെ മനസ്സിനനുസൃതമായി ഞങ്ങളെ രൂപപ്പെടുത്തേണമേ, അനുകമ്പയിലും താഴ്മയിലും ഞങ്ങളുടെ ഹൃദയങ്ങളെ മെനയണമെ, ഉറപ്പുള്ള സ്നേഹത്താൽ ഞങ്ങളുടെ സമർപ്പണത്തെ ആഴമുള്ളതാക്കേണമെ. ഞങ്ങളുടെ ഭവനങ്ങളെ നിന്റെ ആത്മാവിലും വചനത്തിലും തഴച്ചുവളരുന്ന കൃപയുടെ സങ്കേതങ്ങളാക്കേണമെ. നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി ഇന്നുമെന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം തന്നെ, **ആമെൻ.**

2026 ജൂലൈ 29 ബുധൻ

ബേഥാന്യയിലെ മാർത്തയും മറിയയും ലാസറും: നമ്മുടെ കർത്താവിന്റെ തോഴർ

ലൂക്കൊ. 10:38-42/ യോഹ. 11:1-27

ഭവനവും കുടുംബവും ഞങ്ങൾക്കു ദാനമായി നൽകിയ ദൈവമേ, നിന്റെ പുത്രനിലൂടെ ബേഥാന്യയിലെ മാർത്തയോടും, മറിയയോടും, ലാസറിനോടും ചെയ്തതുപോലെ ഞങ്ങളോടു കൂടെയും വന്ന് പാർക്കേണമെ. നിന്റെ സ്ഥായിയായ സാന്നിധ്യവും, സ്നേഹപൂർവമായ സഹാനുഭൂതിയും, ഉയിർപ്പിന്റെ ശക്തിയും അനുഭവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ദുഃഖങ്ങളുടെയും പ്രതികൂലങ്ങളുടെയും മധ്യത്തിലും നിന്റെ കൃപയാൽ ഞങ്ങളെ ഭക്തിയിൽ സ്ഥിരതയുള്ളവരും, സ്നേഹത്തിൽ വിശ്വസ്തരും, ജീവിതത്തിൽ മനോഹാരിത പുലർത്തുന്നവരും, തീരുമാനങ്ങളിൽ ഉറപ്പുള്ളവരും, പ്രവർത്തനങ്ങളിൽ ധൈര്യമുള്ളവരുമാക്കേണമേ. അങ്ങയോടും പരിശുദ്ധാത്മാ

വിനോടുംകൂടെ ഐക്യത്തിൽ ഏകദൈവമായി ഇന്നുമെന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം തന്നെ, **ആമെൻ.**

2026 ആഗസ്റ്റ് 2 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് ഒൻപതാം ഞായർ

അൽമായ ഞായർ

യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു

രാ. യെഹെ. 36: 22-31 സങ്കീ. 23

1 പത്രൊ. 5: 6-11 യോഹ. 21: 15-19

വൈ. സങ്കീ. 60/ ലൂക്കൊ. 10: 1-10

കാണാതെപോയതിനെ തിരഞ്ഞുരക്ഷിപ്പാൻ സ്വന്തം പുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവമേ, ഞങ്ങളുടെ വിശ്വാസം തകരുന്നിടത്ത് അതിനെ ഉറപ്പിക്കുവാനും നിരാശയിൽനിന്നും പ്രത്യാശയിലേക്ക് നയിക്കുവാനും നിന്റെ സ്വരൂപത്തോടു കൂടുതൽ സാദൃശ്യമുള്ളവരായി നിന്നെ സേവിക്കുവാനും ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമെന്ന്, നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നത് കൃപയോടെ കേട്ടുത്തരമരുളേണമേ, **ആമേൻ.**

2026 ആഗസ്റ്റ് 6 വ്യാഴം

ക്രിസ്തുവിന്റെ രൂപാന്തരം

രാ. പുറ. 24: 12-18 സങ്കീ. 110

2 പത്രൊ. 1: 16-19 ലൂക്കൊ. 9: 28-36

അപരിമേയമായ മഹത്വത്തിന്റെ ദൈവമേ, നിന്റെ അവതാരപുത്രൻ, തിരഞ്ഞെടുക്കപ്പെട്ട സാക്ഷികൾക്ക് മലമുകളിൽവച്ച് തന്റെ മഹത്വം വെളിപ്പെടുത്തിയല്ലോ. പുത്രനെ മുഖാമുഖമായി ഞങ്ങളും കണ്ടെത്തുന്നത് വരെ ദിനന്തോറും പുത്രനെ പോലെയായി തീരേണ്ടതിന് ഞങ്ങൾക്കും സ്നേഹത്തിന്റെ ദിവ്യദർശനങ്ങൾ നൽകണമെന്ന് അവൻ നിന്നോടും പരിശുദ്ധാത്മാ

വിനോടുംകൂടെ ഏകദൈവമായി സദാകാലം ജീവിച്ചുവാഴുന്നു വല്ലോ, **ആമേൻ.**

2026 ആഗസ്റ്റ് 9 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് പത്താം ഞായർ

സ്നാനത്താൽ മുദ്രിതമായ ക്രിസ്തുവിന്റെ സ്വത്വം

രാ. ഉൽപ. 11:7-24 സങ്കീ. 32
1 പത്രൊ. 3: 18-22 യോഹ. 3: 1-8
വൈ. പുറ. 14: 15-31/ 1 കൊരി. 12: 12-20

സർവശക്തനും ജീവന്റെ വീണ്ടെടുപ്പുകാരനുമായ ദൈവമേ, നിന്റെ പുത്രനും രക്ഷകനുമായ യേശുക്രിസ്തുവിനാൽ ഞങ്ങളെ മുദ്രയിടപ്പെട്ടിരിക്കുന്നുവല്ലോ. സർവജനത്തിനെയും നീ അനുഗ്രഹിക്കുകയും നിന്റെ നീതിയെക്കുറിച്ച് എല്ലാർക്കും ബോധം വരുത്തുകയും ചെയ്തുവല്ലോ. ഞങ്ങൾ പാപികളായിരിക്കുമ്പോൾ തന്നെ സ്നാനത്തിന്റെ ശക്തിയിലൂടെ ഞങ്ങളെ വീണ്ടെടുക്കുവാൻ വന്ന കർത്താവിൽ സകല ശക്തിയും അധികാരവും കുടികൊള്ളുന്നുവല്ലോ. ക്രമരഹിതമായ ഞങ്ങളുടെ പ്രകൃതങ്ങളെ ആത്മാവിന്റെ ഐക്യതയിൽ വിശുദ്ധീകരിക്കേണമേ. ഞങ്ങളിൽ യഥാർഥ പുതുക്കം വരുത്തേണ്ടതിനും നിന്റെ ആത്മാവിൽ നിലനിൽക്കേണ്ടതിനും ഞങ്ങളെ സഹായിക്കേണമേ. അങ്ങനെ ഞങ്ങൾ ദൈവരാജ്യത്തെ കണ്ടെത്തുന്നുവല്ലോ. നിത്യജീവന്റെ ദൈവമേ അങ്ങയുടെ മാറ്റമില്ലാത്ത കരുണയിലും വിശ്വസ്തതയിലും ക്രിസ്തുവിൽ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി സദാകാലം ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, ആമേൻ.

2026 ആഗസ്റ്റ് 15 ശനി

സ്വാതന്ത്ര്യ ദിനം

വിശ്വാസത്താൽ നയിക്കപ്പെടുന്നതും നീതിയിൽ വേരുന്നിയതുമായ ജനാധിപത്യം

പുറ. 15: 1-8 സങ്കീ. 69: 30-36
അപ്പൊ. പ്ര. 15: 1-8 യോഹ. 8: 31-36

സർവശക്തനായ ദൈവമേ സ്വാതന്ത്ര്യം എന്ന ദാനത്തിനായും നീതിയിൽ അധിഷ്ഠിതമായ ജനാധിപത്യ മൂല്യങ്ങൾ

ക്കായും ഞങ്ങൾ അങ്ങേക്ക് നന്ദി അർപ്പിക്കുന്നു സങ്കീർണമാ
യ ഭരണനിർവഹണ ഇടങ്ങളിൽ ഞങ്ങളുടെ എല്ലാ ഭരണസം
വിധാനങ്ങളെയും നീതിയിലധിഷ്ഠിതവും നീതിയിലും സമത
ാ ത്തിലും കരുണയിലും ഉറപ്പിക്കുവാനുള്ള ജ്ഞാനം ഞങ്ങൾ
ക്ക് നൽകേണമേ. ഞങ്ങളുടെ ജനാധിപത്യ പ്രക്രിയകൾ വിശ്വ
സ്തതയോടും, വിനയത്തോടും, ബഹുമാനത്തോടും, പൊതു
നന്മയ്ക്കുവേണ്ടിയും നിർവഹിക്കപ്പെടുന്നതായിരിക്കുവാൻ ഇ
ടയാക്കേണമേ. ഞങ്ങളിൽ നീതിയുടെയും സഹാനുഭൂതിയു
ടെയും ജ്ഞാനത്തിന്റെയും ആത്മാവിനെ നിറയ്ക്കണമെന്ന്
പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമാ
യി ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു
മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ആഗസ്റ്റ് 16 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് പതിനൊന്നാം ഞായർ
വിശുദ്ധ യൂക്കറിസ്റ്റ്: അനുരഞ്ജനത്തിന്റെ മേശ

രാ. പുറ. 24: 3–11 സങ്കീ. 85
1 കൊരി. 10: 14–22 മത്താ. 5: 23–26
വൈ. യെശ. 25: 6–9/ 2 കൊരി. 5: 11–21

സ്നേഹവാനും നന്ദി നിറഞ്ഞവനുമായ ദൈവമേ, നിന്റെ സ്നേഹവായ്പുകൾക്കായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. യേശുക്രിസ്തുവിലൂടെ ഞങ്ങളെയും അങ്ങുമായി നിരപ്പിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുകൂടെ ഏകദൈവമായി ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ആഗസ്റ്റ് 23 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് പന്ത്രണ്ടാം ഞായർ
ദലിത് ആദിവാസി ഞായർ
അടിമത്തത്തിൽനിന്നും സ്വാതന്ത്ര്യത്തിലേക്ക്: അടിച്ച മർത്തപ്പെട്ടവരോടൊപ്പം യാത്ര ചെയ്യുന്ന ദൈവം

രാ. ദിന. 26: 5–11 സങ്കീ. 146
ഫിലേ. 10–18 യോഹ. 4: 5–14
വൈ. ന്യായാ. 6: 11–16/ അപ്പൊ. പ്ര. 10: 34–48

അടിച്ചമർത്തപ്പെട്ട യിസ്രായേൽ ജനത്തെ ഈജിപ്റ്റിന്റെ അടിമത്തത്തിൽനിന്നും വിമോചിപ്പിക്കുകയും അവരോടുകൂടെ

സഞ്ചരിക്കുകയും സാമൂഹിക അടിമത്തത്തിൽനിന്ന് ശമര്യാ സ്ത്രീയെ രക്ഷിക്കുകയും ചെയ്ത ഞങ്ങളുടെ വീണ്ടെടുപ്പു കാരനായ ദൈവമേ, യേശുക്രിസ്തുവിനാൽ ഞങ്ങളെ പാപത്തിൽനിന്നും ദുഷ്കർമ്മങ്ങളിൽനിന്നും രക്ഷിക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ എപ്പോഴും ജീവിച്ചു വാഴുന്നവനായ യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ആഗസ്റ്റ് 24 തിങ്കൾ

അപ്പൊസ്തലനും രക്തസാക്ഷിയുമായ ബർത്തലോമായി

രാ. ഉൽപ. 28: 10–17 സങ്കീ. 25
എഫെ. 4: 7–16 ലൂക്കൊ. 6: 12–16

സർവശക്തനായ ദൈവമേ, നിന്റെ വചനം യഥാർഥമായി വിശ്വസിക്കുന്നതിനും പ്രഘോഷിക്കുന്നതിനും അപ്പൊസ്തലനായ ബർത്തലോമായിക്ക് കൃപ നൽകിയല്ലോ. ബർത്തലോമായിയെപോലെ നിന്റെ വചനത്തെ സ്നേഹിക്കുന്നതിനും വിശ്വസ്തതയോടെ വചനം പ്രഘോഷിക്കേണ്ടതിനും നിന്റെ സഭയുടെമേലും കൃപചൊരിയേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം തന്നെ, **ആമേൻ.**

2026 ആഗസ്റ്റ് 30 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് പതിമൂന്നാം ഞായർ

അന്യരായി ആരുമില്ല: കുടിയേറ്റക്കാരും അഭയാർഥികളും സ്വീകരിക്കപ്പെടുന്നു

രാ. ലേവ്യാ. 19: 9–10, 33–37 സങ്കീ. 146
എഫെ. 2: 11–22 ലൂക്കൊ. 10: 25–37
വൈ. ആവ. 24: 17–22/ അപ്പൊ. പ്ര. 10: 30–35

പ്രപഞ്ചത്തെ സൃഷ്ടിച്ചവനും മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മെനഞ്ഞവനും ജീവന്റെ ഉറവിടവുമായ സ്നേഹവാനായ ദൈവമേ, നിന്റെ കൃപയ്ക്കും കൂട്ടായ്മക്കായും ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ദൈവമേ, ഏവരേയും ചേർത്തുനിർത്തുന്ന നീരുറവയും അഭയം നഷ്ടപ്പെട്ടവരുടെ

അഭയസ്ഥാനവും സാമൂഹികമായി ഒറ്റപ്പെട്ടു പോയവരുടെ ആശ്രയകേന്ദ്രവും തകർന്ന ബന്ധങ്ങളെ ഉറപ്പിക്കുന്ന കണ്ണിയും ദുർബലരുടെ തണലും വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരുടെ സുരക്ഷിതസ്ഥാനവും സമൂഹത്തിന്റെ മുഖ്യധാര നിഷേധിക്കപ്പെട്ടവരുടെ സാമൂഹിക ഇടം നൽകുന്നതും എല്ലാവിധത്തിലും തിരസ്കരിക്കപ്പെട്ടവരുടെ സങ്കേതവും നീ ആയിരിക്കയാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നീ ഞങ്ങൾക്ക് ദൃഷ്ടാന്തമായി പ്രദർശിപ്പിച്ചതുപോലെ ഉപാധികളില്ലാത്ത ത്യാഗനിർഭരമായ സ്നേഹത്തിൽ വസിക്കുന്ന ഒരു സാമൂഹിക ജീവിതം നയിക്കേണ്ടതിന് ഞങ്ങളോട് കരുണയുണ്ടാകണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 സെപ്റ്റംബർ 06 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് പതിനാലാം ഞായർ

ഗായകസംഘ ഞായർ

യഥാസ്ഥാനത്തിന്റെ പാട്ടുകൾ

യെശ. 61: 1–10	സങ്കീ. 51
വെളി. 21: 1–5	മർക്കൊ. 8:22–25

സ്വർഗസ്ഥനായ പിതാവേ, തകർന്നവരായ ഞങ്ങൾ അവിടുത്തെ സന്നിധിയിൽ കടന്നുവരുന്നു. അവിടുത്തെ സൗഖ്യദായകമായ സ്പർശനം ഞങ്ങൾക്ക് നൽകേണമേ. പുനഃസ്ഥാനത്തിന്റെ ഗാനം ഞങ്ങളിലേക്ക് അവിടുന്ന് നൽകേണമേ. ഞങ്ങളുടെ ഹൃദയത്തിന്റെയും ആത്മാവിന്റെയും തകർന്ന ഭാഗങ്ങളെ അവിടുന്ന് നന്നാക്കുകയും ഞങ്ങളിൽ ഒരു പുതിയ ആത്മാവിനെ നൽകുകയും ചെയ്യേണമേ. ഞങ്ങളുടെ നാവിൽനിന്നും ഉയരുന്ന ശബ്ദം അവിടുത്തെ വിശ്വസ്തതയുടെയും വിമോചനത്തിന്റെയും സൗഖ്യത്തിന്റെയും മാധുര്യമുള്ള ഗാനമാക്കിതീർക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

2026 സെപ്റ്റംബർ 13 ഞായർ
വിദ്യാഭ്യാസ ഞായർ
അധ്യാപകദിനം
പെന്തെക്കൊസ്തിനു പിമ്പ് പതിനഞ്ചാം ഞായർ
വിദ്യാഭ്യാസം: മനസ്സുകളെ രൂപപ്പെടുത്തൽ, ജീവിതങ്ങളെ രൂപാന്തരപ്പെടുത്തൽ

രാ. യെശ. 50:4–7 സങ്കീ. 119: 9–16
തീത്തൊ. 2: 1–10 ലൂക്കൊ. 5:1–11
വൈ. ന്യായാ. 4: 1–9/ 2 പത്രൊ 1: 3–11

സകലജ്ഞാനത്തിന്റെയും സത്യത്തിന്റെയും ഉറവിടമായ ദൈവമേ, അറിവ് നേടുന്നതിലൂടെ മനസ്സുകളെ രൂപപ്പെടുത്തുവാനും ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാനും ഞങ്ങളെ അങ്ങ് വിളിച്ചുവല്ലോ. സത്യനിഷ്ഠയോടെ നയിക്കുവാനും സ്നേഹത്തിൽ തിരുത്തുവാനും കൃപയോടെ സംസാരിക്കുവാനും, യെശയ്യാ പ്രവചനത്തിലെ ദാസനെപ്പോലെ ഒരു ഗുരുവിന്റെ നാവും ഒരു ശിഷ്യന്റെ കാതും ഞങ്ങൾക്ക് നൽകേണമേ. പുതുതലമുറയെ സത്യത്തിന്റെയും പരിശുദ്ധിയുടെയും പാതയിൽ നടത്തുവാൻ അങ്ങയുടെ വചനം സമൃദ്ധിയായി ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണമേ. പഥ്യ ഉപദേശത്തിൽ വേരൂന്നി, അങ്ങയുടെ ആത്മാവിൽ ദൃഢീകരിക്കപ്പെട്ട്, നീതിപാതയിൽ സഞ്ചരിക്കുവാൻ പഠിക്കുന്നവരെയും പഠിപ്പിക്കുന്നവരെയും ഒരുപോലെ ശക്തീകരിക്കേണമേ. യേശു, മനുഷ്യരെ പിടിക്കുവാൻ ആളുകളെ നിയോഗിച്ചതുപോലെ, വിദ്യാഭ്യാസത്തിലൂടെ അനേകരെ നിന്റെ ജ്ഞാനത്തിലേക്കും വഴികളിലേക്കും നയിക്കുവാൻ ഞങ്ങളെ സജ്ജരാക്കേണമേ. ലോകത്തിന്റെ വെളിച്ചമായി, നിന്നോടും പരിശുദ്ധാത്മാവിനോടുകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

2026 സെപ്റ്റംബർ 20 ഞായർ
പെന്തെക്കൊസ്തിന് പിമ്പ് പതിനാറാം ഞായർ
ബഹുസ്വരത: വിശ്വാസവും സൗഹാർദവും

രാ. യിരെ. 29:1–7 സങ്കീ. 37:1–24
റോമ. 12:9–18 ലൂക്കൊ. 11: 5–10
വൈ. ഉൽപ. 18:1–8/ അപ്പൊ. പ്ര. 17: 22–31

കാരുണ്യവാനും കൃപാലുവുമായ ദൈവമേ, വിവിധ വിശ
ാസങ്ങളും സംസ്കാരങ്ങളും നിറഞ്ഞിരിക്കുന്ന ഒരു ലോകം
ഞങ്ങൾക്ക് നല്കിയതിനായി ഞങ്ങൾ നിനക്ക് നന്ദികരേറ്റു
ന്നു. ഞങ്ങളിൽനിന്നും വ്യത്യസ്തമായ വിശ്വാസങ്ങൾ ഉള്ളവ
രുമായി ചേർന്ന് ജീവിക്കുവാനും അവരുടെ ദർശനങ്ങളിൽ
നിന്നും പഠിക്കുവാനുള്ള വിശേഷഭാഗ്യത്തിനായും ഞങ്ങൾ
സ്തോത്രം ചെയ്യുന്നു. ഞങ്ങളിൽനിന്നും വ്യത്യസ്തരായവരെ
വാസ്തവമായി മനസ്സിലാക്കുന്നതിലൂടെയും സ്നേഹിക്കുന്ന
തിലൂടെയും ഒരു നല്ല ബന്ധം സംജാതമാക്കുവാൻ ഞങ്ങളെ
ശക്തീകരിക്കേണമേ. ഞങ്ങളെയെല്ലാം യോജിപ്പിക്കുന്ന പൊതു
മാനവികതയെ കാണുവാനും ഓരോരുത്തരും ഈ ലോകത്തി
ന് പ്രദാനം ചെയ്യുന്ന അതുല്യമായ നന്മകളെയും ദാനങ്ങളെയും
ആഘോഷിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. വൈവി
ധ്യങ്ങൾ നിറഞ്ഞ ഈ ലോകത്തിന്റെ സൗന്ദര്യത്തിനും സമൃ
ദ്ധിക്കും മൂല്യം കല്പിക്കുവാനുള്ള പരിജ്ഞാനത്തെ ഞങ്ങ
ൾക്ക് നൽകേണമേ. പരസ്പര ബഹുമാനത്തിലും ഐക്യത്തി
ലും സകലർക്കും ഒരുമിച്ചു ജീവിക്കുവാനുതകുന്ന ഒരു സമൂ
ഹത്തെ കെട്ടുപണി ചെയ്യുവാനുള്ള ധൈര്യം ഞങ്ങൾക്ക് നൽ
കേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏ
കദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങ
ളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷി
ക്കുന്നു, **ആമേൻ.**

2026 സെപ്റ്റംബർ 21 തിങ്കൾ

അപ്പൊസ്തലനും സുവിശേകനുമായ മത്തായി

സദൃ. 3: 13–17 / യെശ. 33: 13–17 — സങ്കീ. 18:1–6, 20–30

2 കൊരി. 4: 1–6 / 1 യോഹ. 2:15–17 — മത്താ. 9: 9–13

സർവശക്തനായ ദൈവമേ, ലൗകിക നേട്ടങ്ങളുടെ പിന്നാ
ലെ പോകാതെ മത്തായിയെ അങ്ങയുടെ അനുഗൃഹീത
പുത്രൻ ഒരു അപ്പൊസ്തലനും സുവിശേഷകനുമായി വിളി
ച്ചു വല്ലോ. ദ്രവ്യാഗ്രഹത്തിൽനിന്നും സകല അതിമോഹങ്ങ
ളിൽനിന്നും ഞങ്ങളെ വിടുവിച്ച് അങ്ങയിൽ മാത്രം ആശ്രയി

പ്പാൻ ഞങ്ങളെ ശക്തീകരിക്കേണമേ. അപ്രകാരം നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിളിയെ അനുസരിക്കുവാൻ ഞങ്ങൾക്ക് തുണയ്ക്കേണമേ, **ആമേൻ.**

2026 സെപ്റ്റംബർ 27 ഞായർ

വയോജന ഞായർ

പെന്തെക്കൊസ്തിന് പിമ്പ് പതിനേഴാം ഞായർ

ലക്ഷ്യബോധമുള്ള ജീവിതം:

ഏറ്റവും മെച്ചമായതിനായുള്ള ഒരുക്കം

രാ. യോശു. 14: 6–13 സങ്കീ. 16
ഫിലി. 3: 12–16 യോഹ. 21: 18–23
വൈ. യിരെ. 29:10–14 / കൊലൊ. 1:9–14

ഞങ്ങളെ പേർചൊല്ലി വിളിക്കുകയും അപരാജിത സ്നേഹത്താൽ ഞങ്ങളെ വഴിനടത്തുകയും ചെയ്യുന്ന, സർവസൃഷ്ടിയുടെയും കർത്താവായ, നിത്യനും വിശ്വസ്തനുമായ ദൈവമേ, ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനായി ഈ ലോകത്തിലേക്ക് വന്ന്, തന്റെ മരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും കൃപാകരമായ ഉടമ്പടിയിലേക്കും ഒരു പുതുജീവിതപ്പുലരിയിലേക്കും ഞങ്ങളെ നടത്തുന്ന, നിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ നിന്റെ ഉദ്ദേശ്യത്തെ വെളിപ്പെടുത്തിയതിനായി ഞങ്ങൾ നന്ദി കരേറ്റുന്നു. ഞങ്ങളെ വിളിച്ച വിളിക്കനുസൃതമായി സ്വാർഥതയില്ലാതെ ജീവിക്കുവാനുള്ള കൃപ നൽകേണമേ. അങ്ങനെ നിന്റെ വാഗ്ദത്തനിവൃത്തിയെ മുന്നിൽക്കണ്ട് ഏറ്റവും ഉത്കൃഷ്ടമായത് വരുന്നു എന്ന വിശ്വാസത്താൽ തികഞ്ഞ അനുസരണത്തിലും സ്നേഹത്തിലും പ്രത്യാശയിലും മുതിർന്നുവരുവാൻ ഞങ്ങളെ സഹായിക്കേണമേ. കാത്തിരിപ്പിന്റെയും അനിശ്ചിതത്വത്തിന്റെയും വേളകളിലും നിന്റെ ഇഷ്ടം തിരിച്ചറിയുവാനും വിശുദ്ധിയിൽ വളരുവാനും ഞങ്ങളുടെ എല്ലാ ചെയ്തികളിലും ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുവാനും തക്കവണ്ണം, കർത്താവേ, ഞങ്ങളുടെ മനസ്സുകളെ പുതുക്കുകയും ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുകയും ചെയ്യേണമേ. നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങ

ളുടെ കർത്താവായ യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

അല്ലെങ്കിൽ

ദക്ഷിണേന്ത്യാ സഭാദിനം

സേവനത്തിലെ ഐക്യം

നെഹെ. 2: 17–20	സങ്കീ. 28
1 കൊരി. 3: 1–15	ലൂക്കൊ. 9: 10–17

കൃപയും കരുണയും നിറഞ്ഞ സ്വർഗീയ പിതാവേ, ക്രിസ്തീയ ഐക്യം വളർത്താനും ഏകീകൃതമായ ശുശ്രൂഷകൾ നടപ്പാക്കാനും ഞങ്ങളെ വഴിനടത്തിയതിനും, നിന്റെ ദൈവിക ഉദ്ദേശ്യം നിറവേറ്റാൻ യേശുക്രിസ്തുവിനെ അയച്ചതിനും ഞങ്ങൾ നന്ദി പറയുന്നു. വിശ്വാസയാത്രയിലും ദൈനംദിന ജീവിതത്തിലും ഭിന്നതകളെ മറികടന്ന് ഐക്യം രൂപപ്പെടുത്താൻ ആവശ്യമായ ജ്ഞാനവും വിവേചനശക്തിയും ഞങ്ങൾക്കു തരേണമേ. സഭയുടെ പാരമ്പര്യവും സംസ്കാരവും മനസ്സിലാക്കി, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ സ്വജീവിതത്തിലൂടെ പ്രകടിപ്പിക്കുവാനും ഞങ്ങളെ സഹായിക്കണമേ.പരസ്പരം സ്നേഹിക്കാനും, സേവിക്കാനും, ഒപ്പം നമ്മുടെ ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും അങ്ങയുടെ സത്യത്തിൽ പുതുക്കുവാനും ഞങ്ങൾക്കു കരുത്തു നൽകണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 സെപ്റ്റംബർ 29 ചൊവ്വ

മീഖായേലും സകല ദൂതന്മാരും

2 രാജാ. 6: 8–17	സങ്കീ. 103: 17–22
വെളി. 12: 7–12	മത്താ. 18: 1–10

നിത്യനായ ദൈവമേ, നിന്റെ മഹത്തായ സിംഹാസനത്തിൻ മുമ്പിൽ മാലാഖമാർ നിരന്തരം ഉയർത്തുന്ന സ്തുതിഗീതങ്ങളോടൊപ്പം ഞങ്ങൾക്കും ആരാധനയിൽ പങ്കുചേരുവാൻ അദ്ഭുതകരമായി പ്രാപ്തരാക്കുന്നതിന് ഞങ്ങൾ നന്ദി പറയുന്നു. നിന്നെ അവിരാമം ആരാധിക്കുന്ന വിശുദ്ധദൂതന്മാർ മുഖാ

ന്തരം, ഭൂമിയിലെ ഞങ്ങളുടെ ശുശ്രൂഷയിലും ദൈനംദിന ജീവിതയാത്രകളിലും ഞങ്ങളെ കാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ വിനീതമായി അപേക്ഷിക്കുന്നു. ഇങ്ങനെ പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ഒക്ടോബർ 4 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് പതിനെട്ടാം ഞായർ
യുവജനഞായർ
യുവത്വം: യഥാസ്ഥാനത്തിനുള്ള വിളിയും പുതുക്കത്തിനുള്ള പ്രതിബദ്ധതയും

രാ. യിരെ. 1: 7–10, 17–19 സങ്കീ. 80

2 കൊരി. 13: 5–11 യോഹ. 14: 12–20

യൗവനരക്തത്താൽ കുരിശിന്റെ ചുവട്ടിൽ വിശ്വമാനവികതയെ പുനഃസ്ഥാപിച്ച ദൈവമേ, അങ്ങയുടെ സ്നേഹത്തെ തിരിച്ചറിയാതെയും, ബോധപൂർവം ക്രിസ്തുസ്നേഹത്തിൽനിന്ന് അകന്നും, ലോകം ഇരുളിനെ ചേർത്തുപിടിക്കുന്ന ഈ കാലത്ത് യഥാസ്ഥാന വക്താക്കളാകുവാൻ യുവതയെ പ്രകാശിപ്പിക്കേണമേ. ധാർമികതയിലും, വചന കാഴ്ചപ്പാടുകളിലും സ്ഥാനഭ്രംശവും മൂല്യച്യുതിയും സംഭവിച്ചു വികലമായി പോയ സാഹചര്യങ്ങളെ തിരിച്ചറിഞ്ഞ് യഥാസ്ഥാനത്തിനായി ബോധപൂർവം കർമ്മോത്സുകരാകുവാൻ യുവതയെ സജ്ജമാക്കേണമേ. പരസ്യവും വ്യക്തിപരവുമായ ജീവിതത്തിൽ ക്രിസ്തുകേന്ദ്രീകൃത മാതൃക മുറുകെപ്പിടിച്ചുകൊണ്ട് ലോകത്തെ യഥാസ്ഥാനപ്പെടുത്തുന്നതിനുള്ള മാതൃക നൽകുവാൻ ഞങ്ങളെ സഹായിക്കേണമേ. യൗവനപ്രായത്തിന്റെ സാധ്യതകൾക്ക് ഞങ്ങളുടെ ഉള്ളിൽ സ്ഥിരപ്രതിഷ്ഠ നൽകി, അന്തിമ യഥാസ്ഥാപനത്തിനായി ഞങ്ങളെ പുതുക്കേണമെന്ന്, നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഒക്ടോബർ 11 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് പത്തൊൻപതാം ഞായർ
ആശാഭവൻഞായർ
(ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവ രുടെയും സാന്ത്വന പരിചരണം ആവശ്യമുള്ളവരുടെയും ഞായർ)
ദൈവകൃപ:
ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവികശക്തി

രാ. യെശ. 35: 1–10 സങ്കീ. 34
2 കൊരി. 12: 1–10 യോഹ. 9: 1–7
വൈ. 2 ശമൂ. 9: 1–13/ 1 കൊരി. 1: 26–31

പ്രതിസന്ധിഘട്ടങ്ങളിൽ ഞങ്ങളുടെ രക്ഷയുടെ പാറയും സങ്കേതവുമായ കരുണാസമ്പന്നനായ ദൈവമേ, തിരഞ്ഞെടുക്കപ്പെട്ട ജനമായി നിന്റെ കൃപാസനത്തിലേക്ക് അടുത്തുവരുവാൻ ഞങ്ങളെ വിളിച്ചിരിക്കുന്നതിന് ഞങ്ങൾ നിനക്കു സ്തോത്രം കരേറ്റുന്നു. ഞങ്ങളുടെ ബലഹീനതകൾ, നിന്റെ കൃപ ഞങ്ങളിലേക്കും ഞങ്ങളിലൂടെയും പ്രവഹിക്കുന്ന മുഖാന്തിരങ്ങളാണെന്ന തിരിച്ചറിവിൽ, അവയിൽ ആനന്ദിക്കുവാനും പ്രശംസിക്കുവാനും, ആയതിലൂടെ നിന്റെ ശക്തി ഞങ്ങളിൽ വെളിപ്പെടുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ; നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ഒക്ടോബർ 18 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഇരുപതാം ഞായർ
ജീവിതം നിരർഥകമായി തോന്നുമ്പോഴും
വിശ്വാസദൃഢതയിൽ മുന്നേറുക

രാ. ലേവ്യാ. 19: 9–10 സങ്കീ. 146
എഫെ. 2: 11–22 ലൂക്കൊ. 10: 25–37
വൈ. യെശ. 25: 6–9/ 2 കൊരി. 5: 11–21

ധൈര്യം അക്രമത്തിന്റെ ഗർവത്തിലല്ല, സത്യത്തിനായി ഉറച്ചു നിലകൊള്ളുന്നതിലാണെന്ന് ഞങ്ങളെ ബോധ്യപ്പെടുത്തി തന്ന സർവശക്തനായ ദൈവമേ, ഞങ്ങളുടെ വിശ്വാസ

ത്തിന്റെ നായകനും പൂർത്തവരുത്തുന്നവനും നീ ആകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നേരിടുന്ന ലജ്ജയുടെയും വേദനയുടെയും നിരാശയുടെയും പരാജയഭീതിയുടെയും മധ്യത്തിൽ നിന്നെ സംശയിക്കാതെയും തള്ളിപ്പറയാതെയും നിലനിൽക്കുവാനും, നിന്റെ ശബ്ദം ശ്രവിച്ച്, നിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ്, നിന്റെ ഉപദേശം സ്വീകരിച്ച് വിശ്വാസത്തിന്റെ പാതയിൽ നടക്കുവാനും ഞങ്ങളെ ശക്തിപ്പെടുത്തേണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ഒക്ടോബർ 19 തിങ്കൾ

സുവിശേഷകനും വൈദ്യനുമായ ലൂക്കൊസ്

യെശ. 35: 3–6/ സങ്കീ. 45
സഭാ. പ്ര. 8: 1–9
കൊലൊ. 4: 10–15/ ലൂക്കൊ. 1: 1–4
അപ്പൊ. പ്ര. 16: 1–11

സർവശക്തനായ ദൈവമേ, നിന്റെ പുത്രന്റെ സ്നേഹനിർഭരമായ സൗഖ്യദായക ശുശ്രൂഷ സുവിശേഷത്തിലൂടെ വെളിപ്പെടുത്തുവാൻ സുവിശേഷകനും വൈദ്യനുമായിരുന്ന ലൂക്കൊസിനെ പ്രചോദിപ്പിച്ചതിനായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. അതേ ശക്തിയും കരുണയും നിന്റെ സഭയിൽ സദാകാലവും നിലനിൽക്കുവാനും ആയതിലൂടെ വേദനിക്കുന്നവർക്കു രോഗശാന്തിയും ആശ്വാസവും പകർന്ന് നിന്റെ നാമമഹത്വത്തിനായി സൗഖ്യദായക ശുശ്രൂഷ വിശ്വസ്തതയോടെ നിറവേറ്റുവാനും ഞങ്ങളെ സഹായിക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ഒക്ടോബർ 25 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഇരുപത്തി ഒന്നാം ഞായർ
നവീകരണഞായർ
പുതുക്കത്തിനായുള്ള വിളി

രാ. 2 രാജാ. 23: 1–8 സങ്കീ. 119: 25–32
തീത്തൊ. 3: 3–8 ലൂക്കൊ. 5: 36–39
വൈ. യോവേ. 2: 12–17/ റോമ. 11: 1–6

കരുണാസമ്പന്നനായ ദൈവമേ, ഭോഷത്വത്തിലും അനുസരണക്കേടിലും വഴിതെറ്റി നടന്ന മനുഷ്യരെ ഞങ്ങളുടെ നീതിയാലല്ല, നിന്റെ അതുല്യകൃപയാൽ മാത്രം വീണ്ടെടുത്ത് രക്ഷിച്ച നിന്റെ കൃപയ്ക്കായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. ഈ ലോകത്തിന്റെ പ്രലോഭനങ്ങളുടെയും സമ്മർദങ്ങളുടെയും അടിമത്തത്തിൽ വീണുപോകാതെയിരിക്കുവാനും, നിന്റെ പരിശുദ്ധാത്മാവ് നല്കുന്ന പുതുക്കത്തിലും സത്യത്തിന്റെ പരിജ്ഞാനത്തിലും ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 1 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഇരുപത്തി രണ്ടാം ഞായർ
അഖിലലോക സൺഡേസ്കൂൾഞായർ
പുതിയ ഹൃദയം, പുതിയ തുടക്കം

രാ. യെഹെ. 36: 22–28 സങ്കീ. 30
തീത്തൊ. 3: 3–7 ലൂക്കൊ. 15: 11–24

പുതിയ ഹൃദയത്തെയും പുതിയ ആത്മാവിനെയും നൽകി ഞങ്ങളെ അനുദിനം നയിക്കുന്ന ദൈവമേ. പാപപങ്കിലമായ ലോകത്തിൽ ആത്മബലം പ്രാപിച്ച്, യഥാസ്ഥാനപ്പെട്ട്, ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ആധുനിക ലോകത്തിന്റെ അസാധാരണതകൾ ഞങ്ങളെ മാടിവിളിക്കുമ്പോൾ അതുല്യമായ ദൈവസ്നേഹത്തിന്റെ നിറവിൽ ശക്തിപ്രാപിച്ച് ഒഴുക്കിനെതിരെ നീന്തുവാനുള്ള കൃപ ഞങ്ങൾക്ക് തരേണമേ. പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നത് കൃപയോടെ കേൾക്കേണമേ, **ആമേൻ.**

അല്ലെങ്കിൽ

സകലവിശുദ്ധരുടെയും നാൾ

യിരെ. 31: 31–34	സങ്കീ. 150
വെളി. 7: 2–4, 9–17	മത്താ. 5: 1–12

വിശ്വാസനിഷ്ഠയോടെ ജീവിച്ച സകല വിശുദ്ധരുടെയും ദൈവമേ, നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിൽ അവരെയും ഞങ്ങളെയും അവന്റെ ആത്മീയ ശരീരത്തിൽ ഒരേ സംസർഗത്തിലേക്കും കൂട്ടായ്മയിലേക്കും സംയോജിപ്പിച്ചിരിക്കുന്ന നിന്റെ മഹത്തായ കൃപയ്ക്കായി ഞങ്ങൾ നിനക്കു സ്തോതം കരേറ്റുന്നു. അവരുടെ വഴികളെ പിന്തുടർന്ന്, നിന്നോടുള്ള അനുസരണയിലും വിശ്വാസത്തിലും ജീവിക്കുവാനും, അങ്ങനെ നിന്നെ സത്യമായി സ്നേഹിക്കുന്നവർക്കായി നീ ഒരുക്കിയിരിക്കുന്ന പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ ആനന്ദത്തിൽ പങ്കുചേരുവാനും ഞങ്ങളെ യോഗ്യരാക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 2 തിങ്കൾ

സകലആത്മാക്കളുടെയും നാൾ

യെശ. 25: 6–9	സങ്കീ. 118: 14–15, 17–21
2 കൊരി. 5: 1–10/	യോഹ. 11: 21–27
എബ്രാ. 12: 1–2	

അദൃശ്യവും ദൃശ്യവുമായ സഭയുടെ നാഥനായ നിത്യ ദൈവമേ, സ്വർഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും രാജാവ് നീ ആകയാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഭൂമിയിൽ നിന്നെ വിശ്വസ്തതയോടെ സേവിച്ച് സ്വർഗീയ മഹത്വത്തിലേക്കു പ്രവേശിച്ച വിശുദ്ധരെപ്പോലെ ഞങ്ങളും ജീവിക്കുവാനും ഒടുക്കം അവരോടൊപ്പം ഞങ്ങളും നിന്റെ ആനന്ദത്തിൽ പ്രവേശിക്കുവാനും തക്കവണ്ണം നിന്റെ ദിവ്യപ്രഭയുടെയും കൃപയുടെയും പൂർണതയിൽ സഭയെ നിറയ്ക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവി

ച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 8 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഇരുപത്തി മൂന്നാം ഞായർ
സി.എസ്.ഐ. - സി. എൻ. ഐ.-മാർത്തോമ്മാ ഐക്യഞായർ
ക്രിസ്തുവിലുള്ള ഐക്യതയിൽ ലോകത്തിൽ സാക്ഷ്യം നിർവഹിക്കുക

രാ. യെശ. 2: 2-4 സങ്കീ. 133
2 കൊരി. 13: 5-13 മത്താ. 18: 18-20
വൈ. നെഹെ. 2: 17-20/ 1 കൊരി. 1: 10-17

ത്രിയേക ദൈവമേ, നിന്നിൽ വെളിപ്പെടുന്ന ഏകതയുടെ മാതൃകയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു ആ ഏകത ഞങ്ങളിൽ വെളിപ്പെടുവാനും, ജാതി-ലിംഗ-വർഗ അതിരുകൾ അതിജീവിച്ച് സമാധാനത്തോടെ ജീവിക്കുവാനും, അങ്ങനെ ഐക്യത്തിന്റെ സാക്ഷികളായി നീ ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങളിൽ പങ്കാളികളാകുവാനും നിന്റെ കൃപയാൽ ഞങ്ങളെ നിറയ്ക്കേണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 15 ഞായർ

പെന്തെക്കൊസ്തിന് പിമ്പ് ഇരുപത്തി നാലാം ഞായർ
പെൺശിശുഞായർ
പെൺമക്കളുടെ ശബ്ദവും ഭാവിയും

രാ. സംഖ്യാ. 27: 1-7 സങ്കീ. 8
അപ്പൊ. പ്ര. 16: 13-15 മർക്കൊ. 5: 21-43
വൈ. 1 ശമൂ. 2: 1-10/ അപ്പൊ. പ്ര. 12: 12-16

കാരുണ്യവാനും നീതിമാനുമായ ദൈവമേ, നീതി നിഷേധിക്കപ്പെട്ടവരുടെ, പ്രത്യേകിച്ച് പെൺമക്കളുടെ, വിലാപത്തിന്റേയും പ്രതിഷേധത്തിന്റേയും ശബ്ദങ്ങളെ കരുണയോടെ കേൾക്കുകയും, അവരുടെ ഭാവിനന്മയ്ക്കായി നീതിയോടെ പ്ര

വർത്തിക്കുകയും ചെയ്യുന്ന നിന്റെ മഹിമയെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ ഈ ദൈവിക പ്രവർത്തനത്തിൽ പങ്കാളികളായി, സുവിശേഷത്തോടു തുറന്നമനസ്സോടെ നിലകൊള്ളുവാനും, നിന്റെ സത്യത്തിൽ ദൃഢമായി എല്ലാ അനീതിശക്തികളെയും പ്രതിരോധിക്കുവാനും, ആദരവും ഉദാരതയും നിറഞ്ഞ ദൈവരാജ്യ മൂല്യങ്ങളെ മുറുകെപ്പിടിച്ചു നടക്കുവാനും ഞങ്ങളെ ശക്തിപ്പെടുത്തണമേ; നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 22 ഞായർ

പെന്തെക്കൊസ്തിനു പിമ്പ് ഇരുപത്തി അഞ്ചാം ഞായർ

സമാധാനപരമായ സഹവർത്തിത്വം: അസഹിഷ്ണുത നിറഞ്ഞ ലോകത്ത് ക്രിസ്തുസ്നേഹം പകരുക

രാ. ദാനീ. 6: 1–17 സങ്കീ. 120
കൊലൊ. 3: 12–17 ലൂക്കൊ. 9: 51–56
വൈ. 1 ശമൂ. 24: 1–13/ 1 പത്രൊ. 3: 8–17

സർവശക്തനും കരുണാസമ്പന്നനും സ്നേഹസമ്പൂർണനുമായ ദൈവമേ, അസഹിഷ്ണുത നിറഞ്ഞ ലോകത്ത് ക്രിസ്തുവിന്റെ സമാധാനം വഹിക്കുന്നവരായി ജീവിക്കാൻ ഞങ്ങളെ വിളിച്ച നിന്റെ കരുണയ്ക്കായി ഞങ്ങൾ നന്ദി അർപ്പിക്കുന്നു. പ്രതികാരത്തിന്റേയും അഹന്തയുടേയും നിസ്സംഗതയുടേയും വഴികൾ ഒഴിവാക്കി, കരുണയുടേയും ക്ഷമയുടെയും സത്യത്തിന്റേയും പാതകൾ തിരഞ്ഞെടുക്കുവാനും, ഞങ്ങളുടെ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും യേശുവിന്റെ പരിവർത്തക സ്നേഹം സാക്ഷ്യപ്പെടുത്തുവാനും, നിന്റെ കൃപയാൽ ഞങ്ങളെ പ്രാപ്തരാക്കണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 29 ഞായർ

ആഗമനഞായർ

മറിയ എലിസബേത്തിനെ കൂടിക്കാണുന്നു

ദൈവവാഗ്ദാനത്തിലെ പ്രത്യാശകൊണ്ട് പ്രതിസന്ധിയെ അതിജീവിച്ച സമാഗമം

രാ. യിരെ. 33: 10–16 സങ്കീ. 68: 11–20
1 തെസ്സ. 3: 6–13 ലൂക്കൊ. 1: 39–45

വൈ. ഉൽപ. 18: 1–15/ 2 തെസ്സ. 1: 3–12

കാരുണ്യവാനും നിത്യനുമായ ദൈവമേ, മാനവരാശിയുടെ രക്ഷയും സുരക്ഷയും മുൻനിർത്തി വാഗ്ദാനം ചെയ്ത ദിവ്യ ഉടമ്പടികൾക്കായും, നിത്യജീവനിൽ ഞങ്ങളെ പങ്കാളികളാക്കുവാൻ ജഡം ധരിച്ചു ഞങ്ങളുടെ ഇടയിൽ പാർത്ത നിന്റെ അതുല്യസ്നേഹത്തിനായും, ഞങ്ങൾ നിനക്കു സ്തോത്രം കരേറ്റുന്നു. ഇഹലോക ജീവിതത്തിലെ വ്യസനങ്ങളുടെയും വെല്ലുവിളികളുടെയും നടുവിൽ, നീ ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ഈ മഹത്തായ രക്ഷാവാഗ്ദാനത്തിൽ അചഞ്ചലമായ പ്രത്യാശയോടെ നിലകൊള്ളുവാനും, കർത്താവ് അരുളിച്ചെയ്തതിനെപ്പറ്റി നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ച് വിശ്വസ്ത സാക്ഷികളായി ജീവിക്കുവാനും, നിന്റെ കൃപയാൽ ഞങ്ങളെ ബലപ്പെടുത്തണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

അല്ലെങ്കിൽ

2026 നവംബർ 29 ഞായർ

ഉത്തരേന്ത്യാ സഭാരൂപീകരണ ദിനം

ഒരു ശരീരമായ്, ഒരേ ആത്മാവിൽ, ഒന്നായ പ്രത്യാശയിൽ ഒരുമിച്ച് സഞ്ചരിക്കുവാൻ വിളിക്കപ്പെട്ടവർ

യെഹെ. 37: 15–22 സങ്കീ. 122
എഫെ. 4: 1–6 യോഹ. 17: 20–26

ഐക്യത്തിന്റെയും സംസർഗത്തിന്റെയും ദൈവമേ, ഞങ്ങളെ ഒരുമയിൽ നിലനിർത്തുന്ന നിന്റെ സ്നേഹസാന്നിധ്യ

ത്തിനായി ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു. സൗഹൃദവും സാഹോദര്യവും ക്ഷയിച്ച ഇടങ്ങളിൽ, നിന്റെ സ്നേഹത്തിന്റെയും ദയയുടെയും സാക്ഷികളായി നിലനിന്നുകൊണ്ട്, ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം, സമാധാനത്തിലൂടെയും പരസ്പര അംഗീകാരത്തിലൂടെയും നിർവഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 നവംബർ 30 തിങ്കൾ

അപ്പൊസ്തലനും രക്തസാക്ഷിയുമായ അന്ത്രെയൊസ്

ആമോ. 7: 10–15 സങ്കീ. 67

ഫിലി. 1: 3–11 യോഹ. 12: 20–26

സർവശക്തനായ ദൈവമേ, നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വിളി തൽക്ഷണം അനുസരിക്കുവാനും തന്റെ സഹോദരനായ പത്രൊസിനെ രക്ഷാമാർഗത്തിലേക്കു നയിക്കുവാനും വിശുദ്ധ അന്ത്രെയൊസിന് ലഭിച്ച ദൈവകൃപയ്ക്കായി ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു. നിന്റെ പരിശുദ്ധവചനത്തിലൂടെ ഞങ്ങളെയും വിളിക്കുമ്പോൾ, ആ സ്വർഗീയവിളി മനസ്സോടെ ശ്രവിച്ച് തൽക്ഷണം നിന്നെ അനുഗമിക്കുവാനും, നിന്റെ രാജ്യത്തിന്റെ സുവിശേഷം സന്തോഷത്തോടെ സാക്ഷീകരിക്കുവാനും ആവശ്യമായ കൃപ ഞങ്ങൾക്കു നൽകേണമേ; നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ, **ആമേൻ.**

2026 ഡിസംബർ 6, ഞായർ

ആഗമനത്തിൽ രണ്ടാം ഞായർ

(യോഹന്നാൻ സ്നാപകന്റെ ജനനം)

വേദപുസ്തക ഞായർ

വചനത്താൽ നയിക്കപ്പെടുക: സത്യപാത തിരിച്ചറിയുക

രാ. യോശു. 24: 15–21 സങ്കീ. 119: 105–112

ഗലാ. 1: 11–17 ലൂക്കൊ. 1: 57–66

വൈ. സദൃ. 6: 20–23/ 2 യോഹ. 1–6

പരിശുദ്ധനും നിത്യനുമായ ദൈവമേ, ഞങ്ങൾക്ക് ജീവദാ
യകവും പാതയ്ക്കു പ്രകാശവുമായ നിന്റെ വചനത്തിനും ചട്ട
ങ്ങൾക്കുമായി ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. സെഖര്യാ
വിനെയും എലിസബേത്തിനെയുംപോലെ നീ ഞങ്ങളുടെ ജീവി
തത്തിൽ ചെയ്തിരിക്കുന്ന അത്ഭുതപ്രവൃത്തികളെ വർണ്ണിക്കു
ന്നതിലൂടെയും നിന്റെ ദയയും കരുണയും സന്തോഷവും പങ്കു
വയ്ക്കുന്നതിലൂടെയും മറ്റുള്ളവരെ പ്രചോദിപ്പിക്കുവാനുള്ള
ധൈര്യം ഞങ്ങൾക്ക് നൽകേണമേ. ദൈവിക കല്പനകളും
പ്രമാണങ്ങളും ഉൾച്ചേർന്നിരിക്കുന്ന ഞങ്ങളുടെ പൂർവികരുടെ
സമ്പ്രദായങ്ങളിൽ തീക്ഷ്ണത ഉള്ളവരായിരിക്കുവാൻ ഞങ്ങ
ളെ സഹായിക്കേണമേ. ദൈവിക കല്പനകളെ അനുസരിച്ചു
കൊണ്ട് സ്നേഹത്തിലും സത്യത്തിലും നടക്കുവാനും നേരും
ശുദ്ധവുമായ ജീവിതം നയിക്കുവാനും ഞങ്ങളെ സഹായിക്ക
ണമേയെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക
ദൈവമായി കാലാവസാനംകൂടാതെ ഇന്നും എന്നേക്കും ജീവി
ച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാ
ന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഡിസംബർ 13, ഞായർ

ആഗമനത്തിൽ മൂന്നാം ഞായർ
(യോസേഫിനോടുള്ള അരുളപ്പാട്)
അപ്രതീക്ഷിതമായതിനെ സ്വീകരിക്കുക

രാ. ന്യായാ. 6: 11–24 സങ്കീ. 43
അപ്പൊ. പ്ര. 9: 10–19 മത്താ. 1: 18–25
വൈ. യിരെ. 29: 10–14/ അപ്പൊ. പ്ര. 12: 12–17

അദ്ഭുതവാനായ ദൈവമേ, അചഞ്ചലമായ ദൈവവിശ്വാ
സവും ശാന്തസ്വഭാവവുമുള്ള യോസേഫിന്റെ ജീവിത മാതൃ
കകൾക്കായി ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. യോസേഫി
നെപ്പോലെ നിന്റെ വാക്കുകളെ ശ്രദ്ധിക്കുവാനും നിന്റെ വിളി
യെ അനുസരിക്കുവാനും ആകുലതകളുടെ മദ്ധ്യേ നിന്നിൽ
ശരണപ്പെടുവാനും ഞങ്ങളെ പഠിപ്പിക്കേണമേ. ഞങ്ങളുടെ
ജീവിതത്തിന്റെ എല്ലാ അവസരങ്ങളിലും നിന്റെ കൃപയെ പ്രതി
ഫലിപ്പിക്കുവാനും നിന്റെ ഉപദേശങ്ങളെ നിറവേറ്റുവാനും സഹാ

യിക്കേണമേ. ഞങ്ങൾക്ക് ഗ്രഹിക്കുവാനാവാത്ത വിവിധ മുഖാന്തരങ്ങളിലൂടെയും നീ എപ്പോഴും പ്രവർത്തിക്കുന്നുവെന്ന് അറിയുവാനുള്ള വിശ്വാസവും പ്രതികൂല സാഹചര്യത്തിൽ നിന്നിൽ ധൈര്യപ്പെടുവാനും ഞങ്ങളെ തുണക്കേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഡിസംബർ 20, ഞായർ

ആഗമനത്തിൽ നാലാം ഞായർ

നീതിപ്രഭുവിനായുള്ള കാത്തിരിപ്പ്

രാ. യെശ. 30: 15-21 സങ്കീ. 50: 1-15
2 പത്രൊ. 3: 8-15 മർക്കൊ. 13: 28-37
വൈ. സെഖ. 2: 10-13/ വെളി. 1: 12-20

കരുണാമയനും ദയാലുവുമായ ദൈവമേ, നീ ഞങ്ങളുടെ രക്ഷയും ശക്തിയും സങ്കേതവും ആകുന്നുവല്ലോ താഴ്മയുള്ള ഹൃദയത്തോടെ ഞങ്ങൾ നിന്റെ സവിധേ അണയുന്നു. കർത്താവേ, കാലങ്ങളെ വിവേചിച്ചറിയുവാൻ ഞങ്ങളുടെ മനസ്സുള്ള ഉണർത്തേണമേ, നീ ഞങ്ങൾക്ക് നൽകുന്ന എല്ലാ സമയങ്ങളിലും നിന്റെ നല്ല ഗൃഹവിചാരകന്മാരായിരിക്കുവാൻ ഞങ്ങളെ തുണയ്ക്കേണമേ. നിന്റെ പാതകളിൽ നടക്കുവാനുള്ള ജ്ഞാനവും നിന്റെ രക്ഷയിൽ ശരണപ്പെടുവാനുള്ള കൃപയും നിന്റെ സമയങ്ങളിൽ ആഗ്രഹിക്കുവാനുള്ള ധൈര്യവും ഞങ്ങൾക്ക് നൽകേണമേ. കർത്താവേ തെറ്റായ വഴികളിൽനിന്ന് നല്ല മാർഗത്തിലേക്ക് നീ ഞങ്ങളെ നയിക്കുകയും ഞങ്ങളുടെ പാതകളെ നിയന്ത്രിക്കുകയും ചെയ്യേണമേ. ഞങ്ങളെ സത്യത്തിലേക്ക് നീതിയിലേക്കും സമാധാനത്തിലേക്കും നയിക്കുന്ന നിന്റെ ശബ്ദത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ സഹായിക്കണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം അപേക്ഷിക്കുന്നു., **ആമേൻ.**

2026 ഡിസംബർ 21, തിങ്കൾ

മാർത്തോമ്മാ സഭാദിനം

ജീവനുള്ള സുവിശേഷമാകുക: പ്രവൃത്തിയിൽ ക്രിസ്തുവിനെ മാതൃകയാക്കുക

യെശ. 52: 7–15 സങ്കീ. 100

1 തെസ്സ. 1:2–9/2 യോഹ. 11: 5–16

തിമൊ. 3: 10–17

സർവശക്തനും നിത്യനുമായ ദൈവമേ, പ്രവാചകന്മാരിലൂടെ നിന്റെ വിശ്വാസസമൂഹത്തെ പ്രചോദിപ്പിക്കുകയും, യേശുക്രിസ്തുവിലൂടെ നിന്റെ ആത്യന്തിക സ്നേഹം പൂർണമായി വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നുവല്ലോ. സത്യം ധൈര്യത്തോടെ പ്രകടിപ്പിച്ചും, ദൃഢനിശ്ചയത്തോടെ വിശ്വാസത്തിൽ നടന്നും, നിന്റെ വചനത്താൽ പോഷിപ്പിക്കപ്പെട്ടും, നിന്റെ ആത്മാവിനാൽ ശക്തിപ്പെട്ടും മറ്റുള്ളവരെ കാരുണ്യത്തോടെ സഹായിച്ചും ക്രിസ്തുവിനെപ്പോലെ ജീവിക്കാനുള്ള കഴിവ് ഞങ്ങൾക്ക് നൽകേണമേ. നിന്റെ വിശുദ്ധനാമത്തിന്റെ മഹത്വത്തിനായി, ഏകദൈവമായ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇന്നും എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞങ്ങളുടെ ജീവിതങ്ങളെ ഒരു ജീവനുള്ള സുവിശേഷമാക്കി മാറ്റണമേ, **ആമേൻ.**

2026 ഡിസംബർ 24, വ്യാഴം

ക്രിസ്തുമസിനു തലേ നാൾ

ദൈവം വെളിപ്പാടിലൂടെ ദിശാബോധം നൽകുന്നു

ഉൽപ. 15: 1–6 സങ്കീ. 147

അപ്പൊ. പ്ര. 16: 6–10 മത്താ. 2: 7–15

പ്രത്യാശയുടെ ഉറവിടവും ബലവാനുമായ ദൈവമേ, നിന്റെ ഹിതവും പദ്ധതിയും വിവിധ മുഖാന്തരങ്ങളിലൂടെ ഞങ്ങൾക്ക് വെളിപ്പെടുത്തിയിരിക്കയാൽ ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. ഹൃദയം തകർന്നവരെ സുഖപ്പെടുത്തുകയും എളിയവരെ ഉയർ

ത്തുകയും ചെയ്യുമെന്ന് നീ അരുളിച്ചെയ്തതിൻ പ്രകാരം, നിന്റെ കാരുണ്യത്താൽ ഞങ്ങളുടെ പ്രതീക്ഷകളെ രൂപപ്പെടുത്തുവാൻ സഹായിക്കേണമേ. നിന്റെ വിശ്വസ്തതയിൽ വേരൂന്നിയ പ്രത്യാശയാൽ ഞങ്ങളെ നിറയ്ക്കുകയും ദിവ്യ വെളിപാടിന്റെ വെളിച്ചത്താൽ ഞങ്ങളുടെ ജീവിതത്തെ നയിക്കുകയും ചെയ്യേണമെന്ന് നിന്നോട് അപേക്ഷിക്കുന്നു. നിന്റെ ശബ്ദം ഞങ്ങളെ ലക്ഷ്യത്തിലേക്ക് നയിക്കുകയും ഞങ്ങളിലെ ഭയത്തെ ഇല്ലാതെയാക്കി സമാധാന ദർശനത്താൽ നിറയ്ക്കുകയും ചെയ്യുമാറാകേണമേ. ദൈവഹിതത്തിൽ വിശ്വസിച്ചുകൊണ്ട്, നിന്റെ വിളി പിന്തുടരുവാനും, നിന്നിലെ പ്രതീക്ഷകളാൽ രൂപപ്പെടുത്തിയ ധൈര്യത്തോടെ ജീവിക്കുവാനും ഞങ്ങളെ തുണയ്ക്കണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി ഇന്നും എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുമൂലം അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഡിസംബർ 25, വെള്ളി

ക്രിസ്തുമസ്

ക്രിസ്തുമസ്: സകല മനുഷ്യർക്കുമുള്ള വെളിച്ചം

യെശ. 9: 1–7	സങ്കീ. 96
തീത്തൊ 3: 4–7	മത്താ. 2: 1–12

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവമേ കർത്താവായ യേശുക്രിസ്തുവിലൂടെ ഈ ലോകത്തിന്റെ അന്ധകാരം നീക്കി വെളിച്ചം പ്രദാനം ചെയ്യുന്ന നിന്റെ സാന്നിധ്യത്തിനായി ഞങ്ങൾ നന്ദി അറിയിക്കുന്നു. ലോകത്തിന് നവ്യ വെളിച്ചമായും ഉദയ നക്ഷത്രവുമായി യേശുക്രിസ്തുവിലൂടെ ലഭ്യമാകുന്ന നിന്റെ സാമീപ്യത്തെയും പ്രത്യക്ഷതയും ഞങ്ങൾ കൊണ്ടാടുന്നു. നിന്റെ നിരന്തരമായ സാന്നിധ്യം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണമേ. ഈ ലോകത്തിൽ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ചാലകങ്ങളാകുവാൻ തക്കവണ്ണം ഞങ്ങളുടെ ജീവിതത്തിലെ എല്ലാ അന്ധകാരത്തെയും തടസ്സങ്ങളെയും നീക്കുമാറാകേണമെ. ജാതിമത വിഭാഗീയതകൾ കൂടാതെ ദൈവജനത്തെ സേവിച്ചുകൊണ്ട്

ഞങ്ങളുടെ പ്രവൃത്തികളിലൂടെ ദൈവസ്നേഹം പങ്കിടുവാനും എല്ലാവരിലേക്കും പ്രത്യേകിച്ച് തകർന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കും നിന്റെ സമാധാനം വ്യാപിക്കുവാനും ഞങ്ങളിലൂടെ സാധ്യമാക്കേണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ**

2026 ഡിസംബർ 27, ഞായർ

ക്രിസ്തുമസിന് പിമ്പ് ഒന്നാം ഞായർ

കുടുംബഞായർ

കുടുംബം: ബന്ധങ്ങളുടെ ആഘോഷം

രാ. സെഖ. 8: 1–8 സങ്കീ. 128
ഗലാ. 6: 1–10 മർക്കൊ. 3: 31–35
വൈ. രൂത്ത് 4: 9–17/ 1 തിമൊ. 5: 1–8

കൃപയും സ്നേഹവുമുള്ള ദൈവമേ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞങ്ങളെ നിന്റെ ഭവനത്തിലെ അംഗങ്ങളാക്കി തീർത്തതിന് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ ഭവനങ്ങളിലും വിശ്വാസ സമൂഹത്തിലും കുടുംബമെന്ന ദൈവികദാനത്തെ പരിപോഷിപ്പിക്കുവാൻ നിന്റെ ആത്മാവിനാൽ ഞങ്ങളെ ശക്തിപ്പെടുത്തേണമേ സ്നേഹത്താൽ പരസ്പരം ബഹുമാനിക്കുവാനും ഭാരങ്ങൾ വഹിക്കുവാനും ക്രിസ്തുവിൽ സഹോദരീ സഹോദരങ്ങൾ ആയിരിക്കുന്ന ഞങ്ങൾക്ക് അവന്റെ മാതൃകയെ പിന്തുടരുവാനും കൃപ നൽകണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇന്നും എന്നേക്കും ഏകദൈവമായി കാലവസാനംകൂടാതെ ജീവിച്ചുവാഴുന്ന യേശുക്രിസ്തു മുഖാന്തരം ഞങ്ങൾ അപേക്ഷിക്കുന്നു, **ആമേൻ.**

2026 ഡിസംബർ 31, വ്യാഴം

ആണ്ടവസാനം

ദൈവത്തിന്റെ വിശ്വസ്തതയെ ഓർക്കുക

വിലാ. 3: 21–31 സങ്കീ. 90
1 തിമൊ. 1: 12–17/ ലൂക്കൊ. 17: 11–19
1 കൊരി. 1: 1–9

നിത്യനും കരുണാമയനുമായ ദൈവമേ, പരിശുദ്ധാത്മാവിനാൽ ഞങ്ങളെ ശക്തിപ്പെടുത്തുകയും നീതീകരിക്കുകയും നിന്റെ സേവനത്തിനായി ഞങ്ങളെ സ്വീകരിക്കുകയും ചെയ്ത ക്രിസ്തുവിലൂടെയുള്ള നിന്റെ അചഞ്ചലമായ ഉറപ്പിനാൽ ലഭ്യമാകുന്ന നിന്റെ വിശ്വസ്തകൃപയെയും കരുണയെയും ഞങ്ങൾ അംഗീകരിക്കുന്നു. ക്രിസ്തുവിന്റെ കാൽച്ചുവടുകൾ പിന്തുടർന്ന്, ഏകദൈവമായ അങ്ങയോടും പരിശുദ്ധാത്മാവിനോടും കൂടെ നിത്യമായി ജീവിച്ചുവാഴുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ കുറ്റമറ്റവരും വിശ്വസ്തരുമായ ദാസന്മാരായിരിക്കാൻ ഞങ്ങൾ തുടർന്നും ആത്മീയദാനങ്ങളിൽ വർധിക്കുവാൻ കൃപ നൽകണമെന്ന് നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലവസാനംകൂടാതെ ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം അപേക്ഷിക്കുന്നു, **ആമേൻ.**

Special Days

സ്ഥിരീകരണ ശുശ്രൂഷ

യെഹെ. 36:26-28	റോമ. 8:12-17
സങ്കീ. .....**	യോഹ. 14:15-17

നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമശിഹായുടെ ഉപദേശത്താൽ ആശ്വാസപ്രദന്റെ വരവിനായി ശിഷ്യന്മാരെ ഒരുക്കിയ സർവശക്തനായ ദൈവമേ, കൈയ്പിനാൽ പരിശുദ്ധാത്മവരം അന്വേഷിക്കുന്നവരായ നിന്റെ ഭൃത്യന്മാരുടെ ഹൃദയങ്ങളെയും മനസ്സുകളെയും ഒരുക്കേണമേ. അങ്ങനെ അവർ അനുതാപവും വിശ്വസ്തതയുമുള്ള ഹൃദയമുള്ളവരായി അടുത്തുവരുന്നതിനാൽ പരിശുദ്ധാത്മാവിന്റെ അധിവാസത്താൽ നിറയപ്പെടേണ്ടതിനു കൃപ ചെയ്യണമെന്ന് പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ഏകദൈവമായി ജീവിച്ചുവാഴുന്ന യേശുക്രിസ്തുമൂലം ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. **ആമേൻ.**

വിളവെടുപ്പിനായി സ്തോത്രം
ആദ്യഫല സ്തോത്രാർപ്പണം

ആവ.	26:1-11/	2കൊരി.	9:6-15
1 ദിന.	29:10-20	1തിമൊ.	6:6-12
സങ്കീ.	65	ലൂക്കൊ.	21:1-4/
		യോഹ.	6:26-35

കാരുണ്യവാനായ ദൈവമേ, നിന്റെ ജ്ഞാനത്താൽ ആഴിയുടെ ഉറവുകൾ തുറക്കുകയും മേഘം മഞ്ഞുപൊഴിക്കുകയും ചെയ്യുന്നുവല്ലോ. വിതയുടെയും കൊയ്ത്തിന്റെയും കാലങ്ങൾക്കും ഭൂമിയുടെ ഫലഭൂയിഷ്ഠതയ്ക്കും വിളവിനായും നീ ഞങ്ങളുടെ രാഷ്ട്രത്തിനും ജനങ്ങൾക്കും നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കായും സ്തോത്രം ചെയ്യുന്നു. നിന്റെ കരുണയെ പരിപൂർണമായി ഗ്രഹിപ്പാനും ആയുസ്സിൻ നാളെല്ലാം വിശുദ്ധവും അനുസരണമുള്ളതും ബഹുമാന്യവുമായ ജീവിതം നയിപ്പാനും ഞങ്ങളെ സഹായിക്കേണമെ, **ആമേൻ.**

** *അതതു ഞായറാഴ്ചത്തെ സങ്കീർത്തനം*

ദൈവാലയ പ്രതിഷ്ഠ / വാർഷികം

1 രാജാ.	8:22-30/	1കൊരി.	3:9-17/
2 ദിന.	7:11-16	1പത്രൊ.	2:1-10
സങ്കീ.	84	മത്താ.	16:13-20/

ഉന്നതനും വിശുദ്ധനുമായ നിത്യനാം ദൈവമേ, ഒരു കെട്ടിടത്തിനും ദൈവമഹത്വം ഉൾക്കൊള്ളുവാനും നിന്റെ സ്നേഹത്തിന്റെ അദ്ഭുതങ്ങളെ വെളിവാക്കുവാനും സാധ്യമല്ലല്ലോ. സന്മനസ്സോടുകൂടെ വരുവാനുള്ള സ്ഥലമായി ഈ കെട്ടിടം ഉപയോഗിപ്പാനും സന്തോഷത്തോടെ നിന്നെ ആരാധിപ്പാനും വചനം പഠിക്കുന്നതിലൂടെ നീ സത്യം ഗ്രഹിപ്പാനും നീ ഞങ്ങളെ സഹായിക്കേണമേ. ഇവിടുത്തെ എല്ലാ കൂടിവരവുകളിലേക്കും നിന്റെ ആശീർവാദം ഉണ്ടായി പ്രവർത്തന നിരതമായ ദൈവാത്മാവിന്റെ അടയാളമായി ഈ കെട്ടിടം നിലനിൽക്കുവാൻ സഹായിക്കേണമേ, **ആമെൻ.**

ഈ പ്രാർത്ഥനാഭവനത്തിൽ ഞങ്ങൾ മഹിമപ്പെടുത്തുന്ന സർവശക്തനായ ദൈവമേ, ഇവിടെ അങ്ങയെ ആരാധിക്കുന്നവരെ അനുഗ്രഹിക്കുന്നതിനായി ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഈ സ്ഥലത്തുനിന്ന് അങ്ങയെ അന്വേഷിക്കുന്നവർക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, അങ്ങയെ സ്വീകരിക്കുന്ന ജീവനുള്ള ആലയങ്ങൾ ആകട്ടെ. അങ്ങയോടും പരിശുദ്ധാത്മാവിനോടുംകൂടെ എന്നേക്കും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തു മുഖാന്തരം തന്നെ. **ആമേൻ.**

സിനഡ്/ കൗൺസിൽ മീറ്റിംഗുകൾ

മീഖാ	6:6-8	ഫിലി.	2:1-11
സങ്കീ.	97	യോഹ.	15:1-8

ദൈവമേ, ബലഹീനരായ ഞങ്ങളെ നിന്റെ ജ്ഞാനത്താലും വിവേകത്താലും ശക്തീകരിക്കുകയും തീരുമാനങ്ങൾ എടുക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നല്ലോ. ദൈവികമായ പ്രകാശത്താൽ ഇരുളിനെ വെളിച്ചമാക്കി മാറ്റുന്ന

നിന്റെ കൃപയാൽ ഞങ്ങളുടെ സംശയങ്ങളെയും അനിശ്ചിതത്വത്തെയും നീക്കേണമേ. ഞങ്ങളിൽനിന്ന് നീ പ്രതീക്ഷിക്കുന്നത് എന്ത് എന്ന് ഞങ്ങൾക്കു വെളിവാക്കിത്തരേണമേ. തെറ്റായ തീരുമാനങ്ങൾ കൈക്കൊള്ളാതിരിക്കുവാനും നിന്റെ വെളിച്ചത്താൽ ഞങ്ങളുടെ കാഴ്ചപ്പാടുകൾക്കു തെളിമയുണ്ടാകുവാനും നേർപാതയിൽ നടക്കുന്നതിലൂടെ പ്രതിബന്ധങ്ങളെ തരണം ചെയ്യുവാനും നിന്റെ ആത്മാവിനാൽ ഞങ്ങളെ ശക്തീകരിക്കണമെന്ന് പരിശുദ്ധാത്മാവിലുള്ള ഐക്യത്തിൽ നിന്നോടുകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവും നിന്റെ പുത്രനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു, **ആമേൻ.**

ആരാധനാവർണ്ണങ്ങൾ 2026

ആരാധനയിൽ ഉപയോഗിക്കേണ്ട വർണ്ണങ്ങൾ താഴെപ്പറയുന്ന പ്രകാരം ആയിരിക്കും:

ഡിസംബർ 24 വൈകുന്നേരം മുതൽ ജനുവരി 6 വരെ	വെള്ള
ജനുവരി 7 മുതൽ ഫെബ്രുവരി 17 വരെ	പച്ച
ഫെബ്രുവരി 18 മുതൽ ഏപ്രിൽ 4 വരെ	വൈലറ്റ്
ഏപ്രിൽ 5 മുതൽ മെയ് 23 വരെ	വെള്ള
മെയ് 24 മുതൽ മെയ് 30 വരെ	ചുവപ്പ്
മെയ് 31	വെള്ള
ജൂൺ 1 മുതൽ നവംബർ 28 വരെ	പച്ച
നവംബർ 29 മുതൽ ഡിസംബർ 24 രാവിലെ വരെ	വൈലറ്റ്

വെള്ള: യേശുവിന്റെ മറുരൂപത്തിൽ തന്റെ ഉടുപ്പ് മിന്നുന്ന വെള്ളയായിത്തീർന്നു. വെളിപാടിൽ വിശുദ്ധന്മാർ തങ്ങളുടെ അങ്കികൾ കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ചിരിക്കുന്നതായും (7:14), ദൈവം വെള്ളസിംഹാസനത്തിൽ ഇരിക്കുന്നതായും (20:11) വർണ്ണിച്ചിരിക്കുന്നു. വെള്ള നിറം വിശുദ്ധിയെ കുറിക്കുന്നു. അതുകൊണ്ട് യേശുവിന്റെ ജീവിതത്തോ

ടനുബന്ധിച്ച എല്ലാ പെരുന്നാളുകളിലും ഈ നിറം ഉപയോഗിക്കുന്നു. ദുഷ്ടാന്തമായി ക്രിസ്തുമസ്, ഈസ്റ്റർ, സ്വർഗാരോഹണം, രക്തസാക്ഷികളല്ലാത്ത വിശുദ്ധരുടെ ഓർമ്മ എന്നീ നാളുകളിൽ വെള്ളനിറമാണ് ഉപയോഗിക്കുന്നത്. കൂടാതെ ബപ്തീസ്മ, വിവാഹം മുതലായ പ്രത്യേക ആഘോഷ സന്ദർഭങ്ങളിലും ഈ നിറം ഉപയോഗിക്കാറുണ്ട്.

ചുവപ്പ്: രക്തത്തിന്റെയും തീയുടെയും നിറം. പരിശുദ്ധാത്മാവിലും തീയിലുംഎന്നുള്ള സ്നാപക യോഹന്നാന്റെ വാക്കുകളും അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായി ശിഷ്യന്മാരുടെമേൽ പതിഞ്ഞുഎന്നുള്ള വിവരണവും നാം പുതിയനിയമത്തിൽ വായിക്കുന്നു. പരിശുദ്ധാത്മാവിന്റെ വരവിനെ അനുസ്മരിക്കുന്ന പെന്തെക്കൊസ്തു കാലത്താണ് ഈ നിറം സാധാരണയായി ഉപയോഗിക്കുന്നത്.

കൂടാതെ പരിശുദ്ധാത്മദാനത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്ന സ്ഥിരീകരണം, പട്ടംകൊടുക്കൽ മുതലായ ശുശ്രൂഷകളിലും ഈ നിറത്തിന്റെ ഉപയോഗം പ്രസക്തമാണ്.

വയലറ്റ് / കടുംനീല: ഇത് അനുതാപത്തിന്റെ നിറമായി സഭകരുതിവരുന്നു. അനുതാപം, സങ്കടം എന്നീ വികാരങ്ങളെ സൂചിപ്പിക്കുന്നതാണ് ഈ നിറം. ആഗമനം, നോമ്പ് എന്നീ കാലങ്ങളിലും അനുതാപം, ഉപവാസം മുതലായ അവസരങ്ങളിലും ചിലപ്പോൾ ശവസംസ്കാരശുശ്രൂഷയിലും ഈ നിറം ഉപയോഗിക്കുന്നു.

പച്ച: ഇത് പ്രകൃതിയുടെ നിറമാണ്. പ്രത്യേകതയൊന്നുമില്ലാത്ത സാധാരണകാലങ്ങളിലാണ് ഈ പച്ചനിറത്തിന്റെ ഉപയോഗം. ക്രിസതുമസ്സിനു പിമ്പുള്ള ഞായറാഴ്ചകളിലും പെന്തെക്കൊസ്തിനു പിമ്പുള്ള ഞായറാഴ്ചകളിലും ഈ നിറം ഉപയോഗിക്കുന്നു.

കറുപ്പ്: വലിയ വെള്ളിയാഴ്ചയിലും ശവസംസ്കാര ശുശ്രൂഷയിലും മറ്റു ദുഃഖാചരണവേളകളിലും ദുഃഖസൂചകമായ ഈ നിറം ഉപയോഗിച്ചുവരുന്നു.

ഓറഞ്ച്/കുങ്കുമനിറം സി.എസ്.ഐ എപ്പിസ്ക്കോപസി: ഓറഞ്ച്/ കുങ്കുമനിറം ബിഷപ്പുമാരുടെ കൈച്ചട്ടയ്ക്കും സ്റ്റോളിനും

നിയോഗിച്ചിരിക്കുന്നു. ഓറഞ്ച് എന്നത് ഭാരതത്തിന്റെ നിറവും ഭാരതപതാകയുടെ ഏറ്റവും മുകളിലുള്ള ആത്മീകപ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ത്യാഗത്തിന്റെയും നിസ്വാർത്ഥതയുടെയും പ്രതിബദ്ധതയുടെയും നിറമാണ്. സി.എസ്. ഐ എപ്പിസ്ക്കോപൽ വസ്ത്രങ്ങളിലെ നിറങ്ങൾ തുടർച്ചയായ ഉപദേശനേതൃത്വങ്ങൾ നിലനിൽക്കുന്നതിനും അതിലെ ഗൗരവവും അന്തസ്സും എന്നേക്കും നിലനിൽക്കുവാനും നിത്യമായ വേദശാസ്ത്രപഠനം നിഴലിക്കുവാനും ഉപയോഗിക്കുന്നു. ദൈവത്തോടുള്ള പ്രതിബദ്ധത അവിടുത്തെ സഭയിലും വാക്കിലും നിലനിർത്തുവാനും ഈ നിറങ്ങളെ മാറ്റാറില്ല.

ആധാരം: *Liturgy of the C. S. I. with notes (C. L. S.)*

വിശുദ്ധ സംസർഗശുശ്രൂഷാമദ്ധ്യേ ഉപയോഗിഷ്പാനുള്ള കാലോചിത അവതാരികകൾ

ആഗമനം

ക്രിസ്തുമസ്സിനുമുമ്പു നാലാം ഞായറാഴ്ചയും ക്രിസ്തുമസ്സിന്റെ തലേനാൾ വരെയും.

നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുക്രിസ്തു മൂലമായിട്ടുതന്നെ. അവൻമൂലം ലോകത്തിന്മേൽ പ്രശോഭിപ്പാൻ ഒരു പുതിയ പ്രകാശത്തെ നീ ലോകത്തിലേക്ക് അയച്ചുവല്ലോ. അവൻ ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ വീണ്ടും വരുമ്പോൾ, ആ പ്രകാശത്തിൽ സന്തോഷിക്കുന്നവരായ ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിൽനിന്നു വെടിപ്പാക്കപ്പെട്ടിട്ടു ഭയംകൂടാതെ കണ്ടെത്തപ്പെടേണ്ടതിനു തന്നെ.

ക്രിസ്തുമസ്

ക്രിസ്തുമസ് നാളിലും മഹത്വപ്രകാശനാളോ ക്രിസ്തുമസ്സിനു പിമ്പുള്ള രണ്ടാം ഞായറാഴ്ചയോ വരെയും.

ദൈവമക്കളാകുവാൻ അവൻമൂലം ഞങ്ങൾക്ക് അധികാരമുണ്ടാകേണ്ടതിന് നിന്റെ ഏകപുത്രനായ യേശുക്രിസ്തുവിനെ ഞങ്ങൾക്കുവേണ്ടി മറിയയിൽ ജനിപ്പാൻ നീ തന്ന

തിനാൽ പ്രത്യേകമായി ഈ കാലത്തു ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

മഹത്വപ്രകാശം

ജനുവരി 6-ാം തീയതി, അല്ലെങ്കിൽ ക്രിസ്തുമസ്സിനു പിമ്പ് രണ്ടാം ഞായറാഴ്ചയും പിന്നീടുള്ള ഏഴു ദിവസങ്ങളിലും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ എല്ലാ മനുഷ്യരെയും അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു കൊണ്ടുവരേണ്ടതിന് മർത്യശരീരത്തിൽ നിന്റെ മഹത്വം പ്രത്യക്ഷപ്പെടുത്തി.

നോമ്പ്

ചാമ്പൽ ബുധനാഴ്ചയും ഉയിർപ്പിനു മുമ്പുള്ള രണ്ടാം ഞായറാഴ്ച വരെയും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ഞങ്ങളെപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെട്ടെങ്കിലും പാപം ഇല്ലാത്തവനായിരുന്നു. അവന്റെ കൃപയാൽ എല്ലാ പാപവികാരങ്ങളെയും കീഴ്പ്പെടുത്തുവാനും ഇനിയും ഞങ്ങൾ ക്കു വേണ്ടിയല്ല, ഞങ്ങൾക്കായി മരിച്ച് വീണ്ടും ഉയിർത്തെ ഴുന്നേറ്റവനുവേണ്ടി ജീവിപ്പാനും അവൻ ഞങ്ങളെ പ്രാപ്തി പ്പെടുത്തുകയും ചെയ്യുന്നു.

പീഡാനുഭവ കാലം

ഉയിർപ്പിനുമുമ്പ് രണ്ടാം ഞായറാഴ്ചയും ഹോശാന ഞായറാഴ്ച ഒഴികെ ഉയിർപ്പിനു മുമ്പുള്ള വ്യാഴാഴ്ച വരെയും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടു സകല മനുഷ്യരെയും തങ്കലേക്കാകർഷിക്കേണ്ടതിന് അവൻ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു.

ഹോശാന ഞായറാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ നിന്റെ കൃപയാൽ തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചുള്ള സകല പ്രവചനങ്ങളും ബേത്ലഹേമിലെ ജനനം മുതൽ യെരൂശലേമിലേക്കുള്ള പ്രവേശനംവരെയും നിവർ

ത്തിച്ചു. കുരുത്തോലയും ഹോശാനയുമായി അവനെ എതിരേറ്റ എല്ലാ വരോടും ചേർന്നു ഞങ്ങളും ഇപ്പോൾ അവനെ വാഴ്ത്തുന്നു.

പെസഹാ വ്യാഴാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചിട്ട് അവസാനത്തോളം അവരെ സ്നേഹിച്ചു. ഞങ്ങൾ അവന്റെ കഷ്ടാനുഭവങ്ങളുടെ പ്രയോജനങ്ങളെ കൈക്കൊണ്ടും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ജീവിപ്പിക്കപ്പെട്ടും അവന്റെ ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളാകേണ്ടതിനും ദൈവത്തിന്റെ പൂർണ്ണനിറവോളം നിറയപ്പെടേണ്ടതിനും അവന്റെ കഷ്ടാനുഭവങ്ങളുടെ തലേരാത്രിയിൽ ഈ വിശുദ്ധ മർമ്മങ്ങളെ നിയമിക്കുകയും ചെയ്തു.

ഉയിർപ്പ്

ഉയിർപ്പുദിവസവും സ്വർഗാരോഹണം വരെയും.

എന്നാൽ നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. അവൻ തന്റെ മരണംകൊണ്ടു മരണത്തെ നശിപ്പിക്കുകയും അവന്റെ ഉയിർത്തെഴുന്നേൽപ്പിനാൽ ഞങ്ങൾക്കു ജീവനെ വീണ്ടും നൽകുകയും ചെയ്തിരിക്കുന്നു.

സ്വർഗാരോഹണം

സ്വർഗാരോഹണനാളിലും പെന്തെക്കൊസ്തു വരെയും.

എന്നാൽ ഉയരത്തിലേക്കു കയറി ദൈവത്തിനും മനുഷ്യർക്കും മധ്യേ ഏകമധ്യസ്ഥനായിരിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിനായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു. തന്റെ ദൈവത്വത്തിന്റെ കൂട്ടായ്മയിലേക്ക് ഞങ്ങളെ കൊണ്ടുവരുവാൻ തക്കവണ്ണം നിന്നോടുകൂടെ അവന് ഉണ്ടായിരുന്ന മഹത്വത്തിലും ഞങ്ങളിൽനിന്ന് അവൻ കൈക്കൊണ്ട ആ പ്രകൃതിയിലും അവൻ എന്നും അധിവസിക്കുന്നുവല്ലോ.

പെന്തെക്കൊസ്ത്

പെന്തെക്കൊസ്തു നാളിലും ത്രിത്വ ഞായറാഴ്ചവരെയും; സിനഡിന്റെയും ഡയോസിസൻ കൗൺസിലുകളുടെയും സമ്മേളനങ്ങളിലും.

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവന്റെ വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവ് സ്വർഗത്തിൽ നിന്നു താണിറങ്ങി ശിഷ്യന്മാരെ ഉപദേശിപ്പാനും സകല സത്യത്തിലേക്കും അവരെ വഴിനടത്തുവാനും അവരുടെമേൽ ഇരിക്കുകയും, സകല ജാതികളോടും നിരന്തരമായി സുവിശേഷം പ്രസംഗിപ്പാൻ അവർക്കു ഭാഷാവരവും ഉജ്ജ്വലതീക്ഷ്ണതയോടുകൂടിയ ധൈര്യവും നൽകി.

ത്രിത്വ ഞായറാഴ്ച

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മൂലംതന്നെ. അവൻ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവവും, സാരാംശത്തിൽ ഒന്നും, അധികാരത്തിലും മഹത്വത്തിലും തുല്യനുമാകുന്നു.

വിശുദ്ധന്മാർ

നവംബർ 1-ാം തീയതിയിലും ഒരു വിശുദ്ധന്റെ സ്മരണകൊണ്ടാടുന്നതിനു നിയമിക്കപ്പെട്ട ഒരു ദിവസത്തിലും അതിനെ ത്തുടർന്നുള്ള ഏഴു ദിവസങ്ങളിലും.

